# HYDEL BULLET

Issue - 11, Vol - 10, November 2022

A Monthly Publication of the Kerala State Electricity Board Engineers' Association


# EV CHARGING STATIONS
## Boon or Bane for KSEBL

With the ever increasing cost of fossil fuels and depletion of fossil fuels and with a commitment to reduce carbon foot print for better environment, GoI started initiatives to promote Electric Vehicles for past several years - by cutting down GST rates for electric vehicles and offering various rebates and subsidies for the transport sector. As a result commercial production of EVs have started in the country in a big way. EVs are being endorsed as the future of transportation sector as the near total reliance on fossil fuels for automobiles is wringing a huge cost on the environment. To decarbonize the transport sector, a major contributor of CO2 emissions, transition to clean mobility has become essential, which the Government has already started to ensure through more and more endorsement and induction of Electric Vehicles. Electric vehicle (EV) charging stations have also expanded by two-and-a-half times across nine mega-cities, in the last four-five months only. Each of these 9 major cities have a population of over 4 million. As many as 1.8 lakh electric vehicles were sold in the country during this period

Employees and public greeted KSEBL's decision to start EV charging stations in a positive spirit with expectation and enthusiasm. After making so much of investment and so many inaugurations, current situation is a classic example of possible outcome of extreme lack of vision & project mismanagement of the decision makers.

KSEBL's reputation is most seriously affected in recent past with charging stations deserted by users. Charging stations set up at a cost of about Rs 25-30 lakh each in various KSEBL substations/offices are either under utilised or are not usable which adds up to crores of wasted public money.

Cont...page 4



**General Body Meeting on 12.11.2022 at Thiruvananthapuram**



# HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Issue - 11 | Vol - 10 | November 2022

**KSEB Engineers' Association**
**Office Bearers 2022 - 23**

**ASSOCIATION**

**President**
Er Sunil K.

**Vice-Presidents**
Er G. Shaj Kumar (South)
Er Sabu T. Joseph (North)

**General Secretary**
Er Geetha V.S.

**Treasurer**
Er Anoop Vijayan

**Organising Secretaries**
Er Kunjunni P.S. (South)
Er Shine Sebastian (North)

**Secretaries**
Er M. Muhammad Rafi (HQ)
Er Nishanth B. (South)
Er Pramod Kumar M. (North)

**BENEVOLENT FUND**

**Chairman**
Er Kenny Philip

**Vice Chairman**
Er Subha T.G.

**Secretary**
Er Haridas Vijayan

**Treasurer**
Er Pradeep. S.V.

**Joint Secretaries**
Er Biji Radha Krishnan (South)
Er Hareesh A.D. (North)

**EDITORIAL BOARD**

**Chief Editor**
Er K.G. Potti

**Associate Editors**
Er Induchoodan D.R.
Er Divya Ramadas C.
Er Vivek V.S.

**Ex. Officio Members**
Er Sunil K.
Er Geetha V.S.

## *Contents*

- Editorial
- മീറ്ററു കണക്കിനു സ്മാർട്ടായാൽ കിലോ കണക്കിനു നഷ്ടം കുറയ്ക്കാം *(തീജ്വാല)* — *Er എൻ.ടി. ജോബ്*
- വൈദ്യുതി നിയമ ഭേദഗതി - പ്രചരിപ്പിക്കപ്പെടുന്ന ശങ്കകളും ആശങ്കകളും : ഒരു വിലയിരുത്തൽ (തുടർച്ച) — *Er സി.പി. ജോർജ്*
- കലാംകാലം *(കവിത)* — *Er മഹേഷ് റ്റി.*
- ഹൃദയവും ബുദ്ധിയും — *Er ഹരീഷ് എ.ഡി.*
- അകലെ *(കവിത)* — *Er ഹനീഷ് എ.എസ്.*
- ഒരു കവിത പിടയുമ്പോൾ *(കവിത)* — *Er ദിവ്യ രാമദാസ് സി.*
- അഴിമതിയുടെ തത്വശാസ്ത്രം — *ഡോ. സി. രാമചന്ദ്രൻ*
- Dr. A.P.J. Kalam Energy Quiz 2022 Result
- വിട *(കവിത)* — *Er പി.രാമചന്ദ്രൻ*
- Suicidal Behaviours: Analysis & Prevention — *Er M. Anil*
- ഇനിയും ഉണരാത്ത ഉറക്കം *(കവിത)* — *Er കെ.പി. ഗോപാലകൃഷ്ണൻ*
- നവരാത്രി - ഐതിഹ്യവും സംഗീതവും *(ഗാനമാധുരി - 03)* — *Er പി.വി. പ്രമോദ്*
- പി.എസ്. ഓർമ്മയായി — *Er കെ.ശശിധരൻ*
- Fragrance of God — *Er. Thomas Kolanjikombil*
- പരിശ്രമം *(സുഭാഷിതം)* — *Er കെ. ശശിധരൻ*
- ചികിത്സാരംഗം *(നാടുനന്നാകാൻ - 11)* — *Er ഇ.എം. നസീർ*
- ശംഭോ മഹാദേവ (കഥ - തുടർച്ച) — *Er അനീഷ് ഫ്രാൻസിസ്*

The kind of planning required in setting up a new venture, the care that is required to instantly resolve technical glitches and the assurance customers shall feel on availability of prompt service - are altogether missing. Most of the charging stations are not in working condition, there is no instruction board in most of the stations - whom to contact for support and the technical counterpart selected for the business utterly failed on their part. As a result these charging stations remains as icons of poor business ventures.

With substantial addition of E- two and three wheeler users in the State, charging points mounted on electric poles in busy areas - was another big potential. This again is a non starter as the same failed miserably as the agency selected couldn't even start installation in most of the districts so far.

KSEBL has 5 android applications for operating its charging stations across Kerala and users find it difficult to operate various applications. The fact is that an EV owner registers in almost 10 different wallets and ends up losing their money. There is no way you can transfer money from one application to another.

The lack of vision, improper planning and undue haste in decision making process has dent a severe blow in the prospects of an otherwise Excellent Business Opportunity of EV charging stations.

EV Charging stations is in fact a lucrative business and KSEBL with its inherent advantages can emerge as the Leader in the State with following strong points.

1. EV charging stations set up by KSEBL are in the close proximity of sub stations and are way ahead of competitors in Uninterrupted Power availability.
2. As this is a public limited company, public will naturally prefer KSEBL's charging stations once the current technical glitches are resolved and a reasonable assistance is provided at charging stations.
3. Private Charging stations are charging very high – up to Rs 29/- per unit while KSEBL is providing the facility at a reasonable Rs 13/- per unit. Cost itself is very much in favour of KSEBL
4. If 10 vehicles are charged per day at each of our charging stations, an average revenue of Rs 42000/- per day per station can be generated which can support KSEBL's ailing financial condition in a big way.
5. With 63 fast charging stations and 980 pole mounted charging stations in operation across the State, KSEBL is on a very strong footing in installed capacity , only user difficulties part need to be addressed on real time basis. The latest launch of mobile app for charging stations is a very positive development which can resolve issues with various app providers .

To streamline the business and to ensure effective tapping of this business potential, we suggest the following urgent steps to be undertaken by the management.

1. Custodian for each charging stations shall be defined.

## തീജ്ജ്വാല



# മീറ്ററു കണക്കിനു സ്മാർട്ടായാൽ കിലോ കണക്കിനു നഷ്ടം കുറയ്ക്കാം

*Er* എൻ.ടി. ജോബ്

*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

റഗുലേറ്ററി കമ്മീഷനു മുന്നിൽ കൊടുത്തിരിക്കുന്ന കണക്കു പ്രകാരം അടുത്ത നാലു വർഷംകൊണ്ട് നമ്മുടെ പ്രസരണ-വിതരണ - വ്യാപാരനഷ്ടം പത്തര ശതമാനമായിരിക്കണം. ഈ കണക്ക് പ്രകാരം ഇപ്പോഴത്തെ നഷ്ടം പന്ത്രണ്ടു ശതമാനമാണ്. എന്നാൽ രസകരമായ വസ്തുത ഇത് എങ്ങനെ കണ്ടുപിടിക്കുന്നുവെന്നതാണ്. നാടൻ ഭാഷയിൽ പറഞ്ഞാൽ ഇപ്പോഴത്തെ രീതി വരവു-ക യിൽ നിന്നും ചെലവു -ക കുറയ്ക്കുമ്പോൾ കിട്ടുന്നത് പ്രസരണ - വിതരണ വ്യാപാര നഷ്ടം. നമ്മുടെ റീഡിംഗ് രീതി സ്പോട്ട് ബില്ലിംഗ് രീതിയായതുകൊണ്ട് അറുപതു ദിവസം കൊണ്ടാണ് ഉപഭോക്താക്കളുടെ ഉപയോഗത്തിന്റെ കണക്കുകിട്ടുന്നത്. അപ്പോഴേക്കും വാങ്ങിയ വൈദ്യുതിയുടെ കണക്കും കാലാവസ്ഥയും ഉപയോഗിച്ച വൈദ്യുതിയുടെ കണക്കുമെല്ലാം മാറി മറിഞ്ഞിട്ടുണ്ടാവും. ഈ മാറ്റങ്ങൾക്കിടയിൽ നിന്നും കണക്കു കൂട്ടിയെടുക്കു ന്നത് വളരെ പ്രയാസമുള്ളകാര്യവുമാണ്. ചുരുക്കത്തിൽ ഇപ്പോൾ നമ്മൾ കണക്കു കൂട്ടി നൽകുന്ന പ്രസരണ - വിതരണ - വ്യാപാര നഷ്ട കണക്കുകളെല്ലാം തന്നെ കൊട്ട കണക്കുകളാണ്. വൈദ്യുതി കൊട്ടയിൽ കൊള്ളാത്തതുകൊണ്ട്, കൊട്ടയിൽ അളക്കുവാൻ പറ്റുകയുമില്ല, ആകെയുള്ളത് മീറ്ററുകൾ വഴി അളന്നെടുക്കുകയാണ്. ഇന്നത്തെ സംവിധാന മനുസരിച്ച് ഒരേ സമയത്ത് എല്ലാ മീറ്ററുകളിലെയും റീഡിംഗ് എടുക്കുക എന്നത് പ്രായോഗികമവുമല്ല; അതുകൊണ്ട് ഏകദേശ കണക്കുകളാണ് നമ്മുടെ കണക്കുകളെല്ലാം. ഓരോ വർഷവും ദശാംശം നാലു ശതമാനമാണ് നഷ്ടത്തിൽ കുറവു വരുത്തുന്നതിന് കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്നത്. നിലവിലെ സംവിധാനം ഉപയോഗിച്ച് ഇത്രയും കൃത്യമായി നഷ്ടം കുറച്ചുകൊണ്ടുവരുവാൻ സാധിക്കുകയുമില്ല. ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടിയാണ് മീറ്ററുകളിൽ പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സ്മാർട്ട് മീറ്ററു

---

2. On call support to be ensured through our Customer Care Support (1912).
3. Support to be ensured for tripping or reset issues by KSEBL staff.
4. Convert existing unused chargers (Bharat DC, ChadeMO etc.) to CCS.
5. RFID implementation for fast and smooth operation.
6. Application based notification system to inform the customers about power outage or equipment outage and other software and network glitches.

We urge the KSEBL management to take immediate steps to tap this opportunity and to eliminate present lethargic approach so as to make the EV charging business a Boon to the organization rather than a Bane as at present.

കമ്മീഷൻ അംഗീകരിച്ച കണക്ക്

| കൊല്ലം | പ്രസരണ നഷ്ടം % | വിതരണ നഷ്ടം % | T2 D നഷ്ടം % | AT2 C നഷ്ടം % |
|---|---|---|---|---|
| 2022-23 | 3.40 | 8.10 | 11.22 | 12.11 |
| 2023-24 | 3.30 | 7.78 | 10.82 | 11.71 |
| 2024-25 | 3.20 | 7.46 | 10.42 | 11.32 |
| 2025-26 | 3.10 | 7.14 | 10.02 | 10.92 |
| 2026-27 | 3.00 | 6.82 | 9.62 | 10.52 |

കൾരംഗത്തു വന്നിരിക്കുന്നത്. ഏതുസമയത്തെ റീഡിംഗും കിട്ടുന്ന തരത്തിൽ സാങ്കേതിക വിദ്യവളർന്നു കഴിഞ്ഞു. അത്തരത്തിൽ ഏതുവിധത്തിലുള്ള കണക്കുകൂട്ടലും സാധ്യമാവും.

ഈ ശതമാന കണക്കുകൾ കാണുമ്പോൾ നമുക്കുതന്നെ അത്ഭുതമാണ്. ഇതൊക്കെ എങ്ങനെ സാധിക്കുന്നുവെന്ന് നമ്മുടെ ഉള്ളിലൊക്കെ ചോദ്യമുയരുകയുംചെയ്യും. വിതരണ രംഗത്തു ജോലി ചെയ്യുന്നവർക്കെല്ലാം അറിയാം വിതരണ മേഖലയിലെ ഒരു ട്രാൻസ്ഫോർമറിൽ നിന്നുള്ള എല്ലാ ഉപഭോക്താക്കളുടെയും ഉപയോഗവും ട്രാൻസ്ഫോർമറിൽ വന്ന വൈദ്യുതിയുടെ അളവുകളും തമ്മിൽ താരതമ്യം ചെയ്താൽ തന്നെ പതിനഞ്ചു ശതമാനമെങ്കിലും നഷ്ടം വരുന്നുണ്ടെന്ന്. പിന്നെങ്ങിനെയാണ് എല്ലാം കൂടി പന്ത്രണ്ടു ശതമാനത്തിനു താഴെയാവുന്നതെന്ന ചോദ്യമാണുയരുന്നത്. കേന്ദ്ര സർക്കാരിന്റെ പുതിയ സ്കീം പ്രകാരം മീറ്ററുകൾ സ്മാർട്ടാക്കി മാറ്റുവാനുള്ള അവസരം ഉപയോഗിച്ച് നമ്മുടെ വൈദ്യുതി ശൃംഖല കുറെകൂടി സാങ്കേതികമായി മികവു കൈവരിക്കേണ്ടത് അനിവാര്യവുമാണ്. സൗരോർജ പദ്ധതികളും കാറ്റാടികളും കൂടുതലായി നെറ്റ്‌വർക്കിൽ കൂട്ടിചേർത്തുകൊണ്ടിരിക്കുകയാണ്. ഇതിന്റെ അളവു കൃത്യമായി ലഭിക്കാത്തതുകൊണ്ട് ലോഡ് ഡെസ്പാച്ച് സെന്റർ വൈദ്യുതി വാങ്ങുന്നതിന്റെ കണക്കുകൾ തെറ്റും, കൂടുതൽ വൈദ്യുതി വാങ്ങി വെയ്ക്കും, പക്ഷെ അത്രയും വൈദ്യുതിയുടെ ആവശ്യം ഉണ്ടാവുകയുമില്ല; വാങ്ങിയ വൈദ്യുതി ഉപയോഗിക്കുവാൻ സാധിക്കാതെ അധികമായി സറണ്ടർ ചെയ്യേണ്ടിവരുന്നു. മീറ്ററുകൾ സ്മാർട്ടായാൽ ഇത്തരം പ്രശ്നങ്ങളൊക്കെ ഒഴിവാകും.

നമ്മുടെ സിസ്റ്റത്തിലുള്ള ഓരോ മീറ്ററും സ്മാർട്ടായി മാറിക്കഴിഞ്ഞാൽ പ്രസരണ - വിതരണ ട്രാൻസ്ഫോർമറിനു കീഴിലുണ്ടാകുന്ന നഷ്ടമെത്രയെന്ന് കിറുകൃത്യമായ കണക്കുകളെല്ലാം ലഭിക്കുവാൻ തുടങ്ങിയാൽ ഇത്തരം നഷ്ടം കുറയ്ക്കുവാനുള്ള നടപടികൾ എടുക്കുന്നതും എളുപ്പമാവും. വൈദ്യുതിയുടെ നിയമമനുസരിച്ച് വഴിയിൽ ആരെങ്കിലും തടസ്സം നിന്നാൽ അവരോടെല്ലാം ചൂടാവും. ഇത്തരത്തിൽ ചൂടാവാനെല്ലാം കറന്റുവേണം, ഈ കറന്റിന്റെ നഷ്ടത്തെയാണ് വിതരണ നഷ്ടമെന്നു പേരിട്ടു വിളിക്കുന്നത്. ഈ തടസ്സം നിൽക്കുന്നതാരൊക്കെയാണെന്നു നോക്കിയാൽ നമ്മളൊക്കെ ഞെട്ടിപ്പോകും. വല്ലവന്റെയും പറമ്പിൽ നിൽക്കുന്ന വൃക്ഷലതാദികൾ തുടങ്ങി തെങ്ങിന്റെ പട്ടകൾ വരെ അതിനു കാരണക്കാരാണ്. എന്നാൽ ഏറ്റവും കൂടുതൽ തടസം നിൽക്കുന്നത് കറന്റു കടന്നുപോകുന്ന കണ്ടക്ടർ തന്നെയാണ്. 'കറന്റേ നിന്നെ ഞങ്ങൾ കണ്ടോളാം' എന്നുപറഞ്ഞുകൊണ്ട് വഴിയിൽ കട്ട പിടിച്ചുനിൽക്കും. അങ്ങിനെ നിൽക്കുന്നതിനെ തടസം എന്ന വാക്കിനു ബദലായി പ്രതിരോധം എന്നു വിളിക്കും. ഇംഗ്ലീ

ഷിലാവുമ്പോൾ റസിസ്റ്റൻസ് എന്നും പറയും. നമുക്കറിയുന്നപോലെ തടികൂടിയ ആൾക്കാരാണെങ്കിൽ അവരുടെ ഉള്ളു ശുദ്ധമായിരിക്കും. അങ്ങിനെയുള്ളവർ കാര്യമായി അടിപിടിയുണ്ടാക്കില്ല. എന്നാൽ മെലിഞ്ഞ ഒരു ടൈപ്പ് ആൾക്കാരുണ്ട് അവർ അമ്പിനും വില്ലിനും അടുക്കില്ല. അങ്ങിനെയുള്ളവർ കട്ടയ്ക്ക് തടസ്സക്കാരാവും. ഇതു തന്നെയാണ് കറന്റിന്റെ കാര്യത്തിലും. മെലിഞ്ഞ കണ്ടക്ടറാണെങ്കിൽ പ്രതിരോധം കൂടും നഷ്ടം കൂടും, തടിച്ച പ്രകൃതമാണെങ്കിൽ പ്രതിരോധം കുറയും. പ്രതിരോധം കൂടമ്പോൾ നഷ്ടം കൂടും, പ്രതിരോധം കുറയുമ്പോൾ നഷ്ടവും കുറയും.

മീറ്ററുകൾ സ്മാർട്ടായി മാറിയാൽ ട്രാൻസ്ഫോർമറിലും ലൈനുകളിലും ഉണ്ടാകുന്ന നഷ്ടം കൃത്യമായി അളന്നെടുക്കാൻപറ്റും. ഏതൊക്കെ ലൈനുകളാണ് നഷ്ടം കൂട്ടുന്നതെന്നു മനസിലാക്കിയാൽ, ആ ലൈനുകളിലെ കണ്ടക്ടറുകൾ മാറ്റി കനം കൂടിയ കണ്ടക്ടറുകളാക്കിയാൽ നഷ്ടം കുറച്ചുകൊണ്ടു വരുവാൻ സാധിക്കും.

നമ്മൾ സാധാരണയായി വിതരണ ലൈനുകളിൽ വീസൽ കണ്ടക്ടറാണ്. ഉപയോഗിക്കുന്നത്. ഇതിന് ഒരു കിലോമീറ്ററിനു വരുന്ന പ്രതിരോധം 0.55 ഓം ആണ്. ഇതിലൂടെ ഒരു മണിക്കൂറിൽ നൂറു ആമ്പിയർ കറണ്ട് കടന്നുപോയാൽ ഒരു മണിക്കൂറിൽ ഉണ്ടാകുന്ന നഷ്ടം 5.5 കിലോ വാട്ടാണ്; അതായത് 5.5 യൂണിറ്റ്. ഇത് ശരിയായി എടുത്താൽ ഒരു ദിവസം 132 യൂണിറ്റ് വൈദ്യുതിയുടെ നഷ്ടമാണ് ഉണ്ടാകുന്നത്. ഈ വീസൽ കണ്ടക്ടറിനു പകരം റാബിറ്റ് കണ്ടക്ടറാക്കിയാൽ ഇതേ 100 ആമ്പിയറിനുണ്ടാകുന്ന നഷ്ടം 98 യൂണിറ്റ് മാത്രമായിരിക്കും, 34 യൂണിറ്റ് ലാഭിക്കാം. ഒരു വർഷത്തേക്കു കൂട്ടിയാൽ പന്തീരായിരം യൂണിറ്റ് ലാഭിയ്ക്കാം. ഇത്തരത്തിൽ ഏതൊക്കെ ലൈനുകൾ മാറ്റിയാൽ നഷ്ടം കുറയ്ക്കാമെന്ന കണക്കുകൾ കിട്ടും. ആ കണക്കുകൾക്കനുസരിച്ച് മാറ്റം വരുത്തേണ്ട കാര്യങ്ങളിൽ മാറ്റം വരുത്തിയാൽ നഷ്ടം വളരെയധികം കുറച്ചുകൊണ്ടുവരുവാൻ സാധിക്കുമെന്ന് എല്ലാവർക്കും അറിയാം. അതിനു പണം വേണം, അതാണ് ഇപ്പോൾ കേന്ദ്രസ്കീം വഴി ആർ.ഡി.എസ്.എസ്. എന്ന പേരിൽ ലഭ്യമാവുന്നത്. അതിൽ പ്രധാനമായും തുക വകയിരുത്തുന്നത് പ്രസരണ - വിതരണ - വ്യാപാര നഷ്ടം കുറയുന്നതിനാണ്. അതിൽ കാര്യമായി വിഭാവനം ചെയ്യുന്നത് സ്മാർട്ട് മീറ്ററുകളാകുന്നതിനു വേണ്ടിയാണ്. അത് അവസാനത്തെ അവസരമാണെന്നു മനസ്സിലാക്കി ആ അവസരം ഉപയോഗിച്ച് മീറ്ററുകളെല്ലാം സ്മാർട്ടാക്കി മാറ്റണം. അങ്ങിനെ നടപ്പിലാക്കുവാൻ പറ്റിയാൽ നമ്മുടെ വൈദ്യുതി ശൃംഖല സംസ്ക്കാരമുള്ളതായി മാറും; വന്നതിനും പോയതിനുമെല്ലാം ശരിയായ കണക്കുകൾ കിട്ടും. വൈദ്യുതി ശൃംഖല തന്നെ സ്മാർട്ടാവും; സ്മാർട്ട്ഗ്രിഡ് എന്ന സങ്കല്പത്തിലേക്കു നമ്മുടെ ശൃംഖലയെ മാറ്റിയെടുക്കുവാൻ സാധിക്കും. വിതരണ നഷ്ടം കുറയ്ക്കുവാൻ പലവിധ മാർഗ്ഗങ്ങൾ നമുക്കെല്ലാം അറിവുള്ളതാണ്; അതിലൊന്ന് വോൾട്ടേജ് ലെവൽ കൂടുകയെന്നതാണ്. ഇപ്പോൾ പതിനൊന്ന് കെ.വി.യിൽ വിതരണം ചെയ്യുന്ന വൈദ്യുതി മുപ്പത്തിമൂന്നു കെ.വി.യിലേക്കു ഉയർത്തുക. പതിനൊന്നു കെ.വി.യിലുണ്ടാകുന്ന നഷ്ടം മൂന്നിലൊന്നാക്കി കുറയ്ക്കുവാൻ കഴിയും. ലോഡ് സെന്ററുകൾ മനസ്സിലാക്കി അവിടേയ്ക്ക് മുപ്പത്തിമൂന്നു കെവി ലൈൻ വലിച്ച് ഇപ്പോഴിരിക്കുന്ന ട്രാൻസ്ഫോർമർ മുപ്പത്തിമൂന്നു കെ.വി.യിലേക്കു മാറ്റണം. പതിനൊന്നു കെ.വി.ലൈനിനുപകരം മുപ്പത്തിമൂന്നു കെ.വി. ലൈൻ വലിക്കണം. പക്ഷെ നമ്മുടെ ആശാന്മാർ പദ്ധതികൾ ഉണ്ടാക്കുമ്പോൾ സമയക്കുറവുകൊണ്ട്, പതിനൊന്നു കെ.വി. ലൈനുകൾ നിലനിറുത്തുകയും മുപ്പത്തിമൂന്നു കെ.വി. ലൈനുകൾ പുതിയതായി വലിക്കുകയും ചെയ്യും. നഷ്ടം മൂന്നിലൊന്നു കൂടി കൂടുന്നതു മിച്ചം. അങ്ങനെ തലതിരിഞ്ഞ രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യരുതേ എന്ന അഭ്യർത്ഥനയാണുള്ളത്. സ്റ്റാർറേറ്റിങ്ങുള്ള ട്രാൻസ്ഫോർമറുകളിലേക്കു മാറുവാൻ കഴിഞ്ഞാൽ ട്രാൻസ് ഫോർമറുകളി

ലുണ്ടാകുന്ന നഷ്ടവുംകുറയ്ക്കാം. നമുക്കു മൂന്നുലക്ഷം കിലോമീറ്റർ ലോ ടെൻഷൻ ലൈനുകളാണുള്ളത്. അതായത് ഒരു ട്രാൻസ് ഫോർമറിന് ഏകദേശം നാലുകിലോമീറ്റർ ലോ ടെൻഷൻ ലൈൻ. ഇതിലുണ്ടാകുന്ന നഷ്ടം കണക്കാക്കി കണ്ടക്ടറുകൾ മാറ്റിയാൽ കുറെ യധികം കുറവു വരും. നമ്മൾ സാധാരണ യായി ഉപയോഗിക്കുന്ന കണ്ടക്ടറുകൾ താഴെ പ്പറയുന്നവയാണ്.

കണ്ടക്ടറുടെ മലയാളം പേരും കൂടി ചേർത്തത് ഓരോന്നിന്റെയും വലുപ്പവും കൂടി മനസിലുണ്ടാകുന്നതിനു വേണ്ടിയാണ്.

നമ്മുടെ വിതരണ രംഗത്ത് നിലവിലുള്ള ക ണക്കുകൾ ചുവടെ ചേർക്കുന്നു.

| | കണ്ടക്ടർ | Sq. mm | Amp | Ohms/ Km |
|---|---|---|---|---|
| സ്ക്വിറൾ | അണ്ണാൻ | 20 | 89 | 1.394 |
| വീസൽ | കീരി | 30 | 114 | 0.9289 |
| റാബിറ്റ് | മുയൽ | 50 | 157 | 0.5524 |
| റാകൂൺ | മരപ്പട്ടി | 80 | 200 | 0.3712 |
| ഡോഗ് | നായ | 100 | 239 | 0.2792 |
| വോൾഫ് | ചെന്നായ | 150 | 329 | 0.1871 |
| ടൈഗർ | പുള്ളിപ്പുലി | 160 | 319 | 0.2221 |
| പാന്തർ | കടുവ | 200 | 395 | 0.1390 |
| കുണ്ട | കുണ്ട | 400 | 560 | 0.0731 |
| മൂസ് | മ്ലാവ് | 520 | 667 | 0.055 |

എച്ച്.ടി. ലൈനിൽ പൊതുവെ റാകൂൺ കണ്ടക്ടറാണ് ഉപയോഗിക്കുന്നത്. ഈയിടെ യായി ഡോഗ് കണ്ടക്ടറിലേക്കു മാറുവാനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്.

| | |
|---|---|
| ഉപഭോക്താക്കൾ | 1.31കോടി |
| വിതരണ ട്രാൻസ്ഫോർമർ | 83399എണ്ണം |
| എച്ച്.ടി. ലൈൻ | 66664 കി.മീ. |
| എൻ.ടി. ലൈൻ | 295697 കി.മീ. |
| ഉപയോഗം | 22830 മില്യൻ യൂണിറ്റ് |

റാകൂൺ കണ്ടക്ടറിന്റെ പ്രതിരോധം കിലോമീറ്ററിന് 0.37 ഓം ആണ്. ശരാശരി ഇതി ലൂടെയുള്ള കറന്റ് 50 A ആണെങ്കിൽ ഒരു മണി ക്കൂറിൽ ഒരു യൂണിറ്റ് നഷ്ടപ്പെട്ടുകൊണ്ടി രിക്കും. ആകെ 66,664 കി.മീ. ലൈനുകൾ കണ ക്കാക്കിയാൽ ഒരു ദിവസം ഒന്നര മില്യൻ യൂണിറ്റിന്റെ നഷ്ടം സംഭവിക്കും. എൺപതു മില്യൻ യൂണിറ്റാണ് ഒരു ദിവസത്തെ ഉപയോ ഗമെങ്കിൽ രണ്ടുശതമാനം പതിനൊന്നു കെ. വി. ലൈനിൽ തന്നെ പോകും. ഇതേ രീതി യിൽ ലോ ടെൻഷൻ ലൈനിൽ വീസൽ കണ്ട ക്ടർ എന്ന രീതിയിൽ ഒരു കണ്ടക്ടറിൽ കൂടി യുള്ള കറന്റ് മൂന്നു ഫേസുകളും കൂടി 25 ആമ്പി യറായാൽപോലും മൂന്നു ലക്ഷം കിലോമീറ്റർ ലൈനിലൂടെയുള്ള നഷ്ടം ആറുശതമാനമായി രിക്കും.

അടുത്ത ഇനം ട്രാൻസ് ഫോർമറുകളാണ്. സാധാരണ ഒരു ശതമാനമാ യാണ് നഷ്ടം കണക്കുകൂട്ടുന്നത്. അങ്ങിനെയാണെങ്കിൽ 83399 ട്രാൻസ് ഫോർമറുകൾക്ക് ശരാ ശരി 100 കെ.വി.എ. ആയി കണ ക്കുകൂട്ടിയാൽ ഒരു ദിവസത്തെ നഷ്ടം രണ്ടര ശതമാനം വരും. എല്ലാം കൂടി കൂട്ടിയാൽ വിതരണ രംഗത്തുവരുന്ന നഷ്ടം പത്തുശ തമാനം വരുമെന്നുള്ളത് ഞെട്ടലുണ്ടാ ക്കുന്ന കാര്യമാണ്. ഇതിൽ കറന്റിന്റെ അളവു കൂടു തലായാൽ നഷ്ടവും വളരെയധികം കൂടുമെ ന്നുള്ളതാണ് സത്യം. ഈ കണക്കുകളിൽ നിന്നും നമുക്കു ബോധ്യമാവുന്ന കാര്യം കണ്ട ക്ടറുടെ കനം കൂട്ടുകയാണെങ്കിൽ നമുക്കു ഈ നഷ്ടം കുറയ്ക്കുവാൻ സാധിക്കും. ചുരുങ്ങിയ പക്ഷം ട്രാൻസ് ഫോർമറിനടുത്തായിരിക്കു മല്ലോ കൂടുതൽ കറന്റ് കടന്നുപോകുന്നത്. അടുത്ത സ്പാനുകളെങ്കിലും കനം കൂടിയ കണ്ടക്ടറുകളാക്കുന്നത് നന്നായിരിക്കും. ട്രാൻസ്ഫോർമറുകൾ സ്റ്റാർ റേറ്റിങ്ങുള്ളതാക്കു കയാണെങ്കിലും കുറവു വരുത്തുവാൻ സാധി ക്കും. നൂറു കെ.വി.എ. ട്രാൻസ്ഫോർമർ പതി നൊന്നു കെ.വി. യാണെങ്കിൽ അഞ്ച് ആമ്പിയർ കറന്റുണ്ടാകും. അത് മൂപ്പത്തിമൂന്നു കെ.വി.

# അസോസിയേഷൻ 2022-23 ലെ പ്രവർത്തനങ്ങൾക്കു തുടക്കമായി.

നവംബർ 12 നു രാവിലെ തിരുവനന്തപപുരം എഞ്ചിനീയേഴ്സ് ഹൗസിൽ ചേർന്ന ഗവേണിംഗ് ബോഡി യോഗത്തിൽ, അസോസിയേഷൻ മുൻ ഭാരവാഹികളായ Er അജികുമാർ, Er മുഹമ്മദ് ഷെരിഫ്, Er രഞ്ജിത് കുമാർ എന്നിവർ ചേർന്ന് 2022-23 വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് അസോസിയേഷൻ സ്വീകരിക്കേണ്ട പുതിയ പ്രവർത്തന രീതികളെ സംബന്ധിച്ച് മൂവരും വിശദമായി പ്രതിപാദിച്ചു.

ബെനവലന്റ് ഫണ്ട് ചെയർമാൻ Er കെന്നി ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. എനർജി ക്വിസിന്റെ സ്റ്റേറ്റ് ലെവൽ കോമ്പറ്റീഷൻ കോട്ടയം സെയിന്റ് ഗിറ്റ്സ് എഞ്ചിനീയറിംഗ് കോളേജിൽ വച്ചു നടത്തുവാൻ തീരുമാനിച്ചു. തിയതി കോളേജ് അധികൃതരുമായി ആലോചിച്ചു പ്രഖ്യാപിക്കുവാൻ Er കൃഷ്ണ കുമാറിനെ ചുമതലപ്പെടുത്തി. വിവിധ സബ് കമ്മിറ്റികൾക്ക് മെമ്പർമാരെ നോമിനേറ്റ് ചെയ്തു. കേന്ദ്ര ഭാരവാഹികൾക്കു വിവിധ യൂണിറ്റുകളുടെ ചുമതല വിഭജിച്ചു നൽകി. കോഴിക്കോട്, വയനാട് ജില്ലകളിലെ മെമ്പർമാരുടെ ശക്തമായ ആവശ്യത്തെ തുടർന്ന്, അസോസിയേഷന്റെ 17-ാമത്തെ യൂണിറ്റ് ആയി വയനാട് യൂണിറ്റ് ആരംഭിക്കുവാൻ തീരുമാനിച്ചു.

യൂണിറ്റ് ആരംഭ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനു വൈസ് പ്രസിഡന്റ് Er സാബു ടി. ജോസഫ്, നോർത്ത് സെക്രട്ടറി Er പ്രമോദ് എന്നിവരെ ചുമതലപ്പെടുത്തി. നവംബർ 23-നു നടക്കുന്ന, വൈദ്യുതി അമന്റ്മെന്റ് ബില്ലിനെതിരെയുള്ള പാർലമെന്റ് മാർച്ചിൽ അസോസിയേഷൻ പ്രധിനിധികളായി Er കുഞ്ഞുണ്ണി, Er ഷൈൻ സെബാസ്റ്റ്യൻ, Er നിഷാന്ത്, Er അനൂപ് വിജയൻ തുടങ്ങിയവർ പങ്കെടുക്കും.

അസോസിയേഷൻ യൂണിറ്റ് പ്രവർത്തനം ശക്തമാക്കുന്നതിന് യൂണിറ്റ് മീറ്റിംഗുകൾ കൃത്യമായി ചേരുക, അസോസിയേഷനിൽ അംഗങ്ങളെ പുതുതായി ചേർക്കുക തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടന്നു. പൊതുമേഖല ശമ്പള ഏകീകരണം സംബന്ധിച്ച് ചർച്ച ചെയ്തു. ബന്ധപ്പെട്ട കമ്മിറ്റിയിൽ അസോസിയേഷൻ അഭിപ്രായം അറിയിക്കും. AE-AEE പ്രൊമോഷനിലെ അനിശ്ചിതത്വം അവസാനിപ്പിച്ചു നടപടികൾ വേഗത്തിലാക്കാൻ അസോസിയേഷൻ ഇടപെടും. ജനറൽ ട്രാൻസ്ഫറിലെ അനോമലി ഓർഡറുകൾ ഇറക്കി പരിഹാരം കാണുവാൻ CE (HRM) നെ അടിയന്തിരമായി സമീപിക്കുന്നതിനുള്ള തീരുമാനവും എടുത്തു.

✵

---

ലൈനിലേക്കു മാറിയാൽ 1.7 ആമ്പിയർ മാത്രമെ വേണ്ടി വരുകയുള്ളു. അതായത് ലൈനുകളിലുണ്ടാകുന്ന നഷ്ടം നേരത്തെയുള്ളതിന്റെ പന്ത്രണ്ടു ശതമാനംമാത്രമായി കുറയും. മൊത്തം പതിനൊന്നു കെവി ലൈനുകളും മുപ്പത്തിമൂന്നു കെവി ആക്കി മാറ്റിയാൽ നഷ്ടം 0.24 ശതമാനമായി കുറയുമെന്നു ചുരുക്കം. രണ്ടു ശതമാനത്തിൽ നിന്നും ഇതിലേക്കു താഴുമെന്നുള്ളത് ഗൗരവത്തോടെ കാണേണ്ടതാണ്.

ഇക്കാര്യങ്ങളെല്ലാം ശരിയായരീതിയിൽ നടത്തണമെങ്കിൽ നഷ്ട കണക്കുകൾ കൃത്യമായി ലഭിക്കണം; അതിനുവേണ്ടി സ്മാർട്ട് മീറ്ററുകളാക്കുന്നതാണ് ആദ്യത്തെ കടമ്പ. അത്തരത്തിൽ മീറ്ററുകളെല്ലാം സ്മാർട്ടായാൽ ഏതൊക്കെ ലൈനുകളിലും ട്രാൻസ്ഫോർമറുകളിലും മാറ്റങ്ങൾ വരുത്തണമെന്നു മനസിലാക്കാം. അത്തരത്തിലുള്ള മാറ്റങ്ങൾ വരുത്തിയാൽ ലൈനുകളിൽ ഉണ്ടാകുന്ന നഷ്ടം കിലോവാട്ടു കണക്കിനു കുറയ്ക്കുവാൻ കഴിയും. ഓരോ കിലോവാട്ടിനും ഓരോ മണിക്കൂറിൽ ഉണ്ടാകുന്ന നഷ്ടം ഒരു യൂണിറ്റാണെങ്കിൽ പ്രസരണ - വിതരണ- വ്യാപാര നഷ്ടം കുറയ്ക്കുവാൻ കൃത്യതയോടെ മുന്നേറുവാൻ സാധിക്കും. ആർ.ഡി.എസ്.എസ്. പദ്ധതി സമയബന്ധിതമായി തീർക്കുന്നതാകട്ടെ നമ്മുടെ ലക്ഷ്യം.

✵

# വൈദ്യുതി നിയമ ഭേദഗതി – പ്രചരിപ്പിക്കപ്പെടുന്ന ശങ്കകളും ആശങ്കകളും : ഒരു വിലയിരുത്തൽ (തുടർച്ച)

## ക്രോസ് സബ്സിഡി



*Er സി.പി. ജോർജ്*
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

കേന്ദ്ര സർക്കാരിന്റെ വൈദ്യുതി ചാർജ് ക്രോസ്സ് സബ്സിഡിയുടെ നയം അനുസരിച്ച് സർക്കാരുകൾ സബ്സിഡി കൊടുക്കരുത് എന്നു പറയുന്നില്ല; എന്നു മാത്രമല്ല അർഹതപ്പെട്ടവർക്ക് സർക്കാരുകൾ നേരിട്ട് സബ്സിഡി കൊടുക്കാം എന്നാണ് പറയുന്നത്. മാത്രവുമല്ല, വൈദ്യുതി നിയമത്തിലെ താരീഫ് സബ്സിഡിയെ സംബന്ധിച്ച് നിലവിലുള്ള 65-ാം വകുപ്പിന് നിലവിലെ വൈദ്യുത ഭേദഗതി ബിൽ -2022 ൽ ഭേദഗതികൾ ഒന്നും നിർദ്ദേശിക്കുന്നില്ല.

ഈ ഭേദഗതി ബില്ലിനെ സംബന്ധിച്ച് കേന്ദ്ര ഊർജ്ജ മന്ത്രിയും ഊർജ്ജ സെക്രട്ടറിയും പുറപ്പെടുവിച്ച വിശദീകരണം അനുസരിച്ച് ഭേദഗതികൊണ്ട് യാതൊരു സബ്സിഡിക്കും പ്രത്യേകിച്ച് കൃഷിയുടെ സബ്സിഡിക്ക് ഒരു കുറവും വരുത്താൻ ഉദ്ദേശിക്കുന്നില്ല. പിന്നെ എന്തിനാണ് സബ്സിഡിയെ സംബന്ധിച്ച ഇത്ര ആശങ്കകളും ആകുലതകളും ? യൂട്ടിലിറ്റികളുടെ സാമ്പത്തിക ഭദ്രതയെ ബാധിക്കാതെ സർക്കാരുകൾ ഉത്തരവാദിത്വത്തോടെ നേരിട്ട് സബ്സിഡി കൊടുക്കുമ്പോൾ കാര്യങ്ങൾ കൂടുതൽ സുതാര്യവും നീതിപൂർവവും ബന്ധപ്പെട്ടവർക്ക് നേരിട്ട് അക്കൗണ്ടബിലിറ്റി ഉണ്ടാകുന്ന തരത്തിലും ആകുന്നത് വൈദ്യുതി യൂട്ടിലിറ്റികളുടെയും മേഖലയുടെയും കാര്യക്ഷമമായ പ്രവർത്തനത്തിന് ഗുണം ചെയ്യും എന്നതാണ് നിരീക്ഷണം.

സർക്കാരുകൾ വിഭവ സമാഹരണം നടത്തി ബഡ്ജറ്റിൽ വക ഉൾപ്പെടുത്തി ഉത്തരവാദിത്വത്തോടെ കാര്യങ്ങൾ നിർവ്വഹിക്കണം എന്നുപറയുന്നത് തെറ്റായ കാര്യമാണോ ? അതിന് വേണ്ട പണം സംസ്ഥാന സർക്കാരുകൾക്ക് നേരിട്ട് അധികാരമുള്ള വൈദ്യുത ഡ്യൂട്ടിയുടെ നിരക്ക് വേണ്ടവിധം ക്രമീകരിച്ച് കണ്ടെത്താവുന്നതാണ് എന്നും നിലവിലെ വൈദ്യുതി നയത്തിൽ നിർദ്ദേശിക്കുന്നുമുണ്ട്. അതായത് ചെലവു ചെയ്യാനുള്ള പണം സ്വന്തം ഉത്തരവാദിത്വത്തിൽ കണ്ടെത്തണം എന്നു സാരം.

ഉദാഹരണത്തിന് എല്ലാ LT ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി നിരക്കിന്റെ 10%ഡ്യൂട്ടി വാങ്ങുമ്പോൾ യൂണിറ്റിന് 12 പൈസ മാത്രമാണ് HT/EHT ഉപഭോക്താക്കളിൽ നിന്നും കേരളം വാങ്ങുന്നത്. അത് ക്രമീകരിച്ച് സൗജന്യം കൊടുക്കാൻ സർക്കാരുകൾ സ്വയം പണം കണ്ടെത്തണം എന്നു പറയുന്നത് പൊതുമേഖലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും നിലനിൽപ്പിനും മേഖലയുടെ വളർച്ചക്കും പ്രയോജനം ചെയ്യില്ലേ ?

നിലവിൽ ഉത്തരവാദിത്വമില്ലാത്ത രാഷ്ട്രീയ നേതൃത്വത്തിന്റെ നിർദ്ദേശം അനുസരിച്ച് യാതൊരു സാമ്പത്തിക അച്ചടക്കവും പാലിക്കാതെ ഇഷ്ടം പോലെ വൈദ്യുതി സൗജന്യങ്ങൾ പ്രഖ്യാപിച്ചശേഷം അതിനാവശ്യമായ സാമ്പത്തിക സഹായം വിതരണ യൂട്ടിലിറ്റിക്ക് നൽകാനാവാതെ വിതരണക്കമ്പനികളെ കടക്കെണിയിലാക്കുന്ന നിലവിലെ സംവിധാനം തുടരണം എന്നാണോ? KSEBL പോലുള്ള പൊതുമേഖലാ വൈദ്യുതി യൂട്ടി

ലിറ്റികളുടെ സാമ്പത്തിക സ്ഥിതിയെ മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചു കൊണ്ടുവരുന്ന ഇത്തരം നടപടികളെ യൂട്ടിലിറ്റികളുടെ ജീവനക്കാർ തന്നെ എതിർക്കുന്നതിന്റെ യുക്തി എന്താണ്? കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കാതെയും മനഃപൂർവ്വം ചില കാര്യങ്ങൾ മറച്ചുവച്ചും രാഷ്ട്രീയലാക്കോടെ ആശങ്കകൾ പരത്തുന്നത് രാജ്യത്തിനും ജനങ്ങൾക്കും സ്ഥാപനത്തിനും എന്തു പ്രയോജനമാണ് ഉണ്ടാവാൻ പോകുന്നത് ?

ആവശ്യമായ സാമ്പത്തിക അച്ചടക്കം പാലിക്കാതെ സംസ്ഥാന സർക്കാരുകൾ പൊതുമേഖലാ വിതരണ കമ്പനികളെ പ്രവർത്തിക്കാനനുവദിച്ചതുവഴി ഉൽപാദന കമ്പനികൾക്ക് ലഭിക്കാനുള്ള കുടിശ്ശിക ഒന്നര ലക്ഷം കോടി കവിഞ്ഞു എന്നതാണല്ലോ ഇപ്പോഴത്തെ റിപ്പോർട്ട്. അത് കൽക്കരിക്കുള്ള payment നെ ബാധിക്കുകയും ആത്യന്തികമായി കൽക്കരിക്ഷാമത്തിന് കാരണമാകുകയും ചെയ്തു എന്നതും ഇവിടെ കാണേണ്ടതുണ്ട്. അതിനും പുറമെ മേഖലയിൽ ഉണ്ടാകുന്ന ഇത്തരം സാമ്പത്തിക പ്രതിസന്ധികൾ മുതൽ മുടക്കിനെ ബാധിക്കുന്ന സ്ഥിതി ഉണ്ടാകുന്നത് ഊർജ്ജ മേഖലയുടെ നിലവിലെ പദ്ധതിയനുസരിച്ചുള്ള വളർച്ചയെ ബാധിക്കാനും ആത്യന്തികമായി രാജ്യപുരോഗതിയെ ബാധിക്കാനും കാരണമാകും എന്നതും ഇവിടെ പ്രാധാന്യമർഹിക്കുന്നു.

വൈദ്യുതി താരീഫിൽ ക്രോസ് സബ്സിഡി കുറച്ചാൽ പാവപ്പെട്ടവരെല്ലാം കഷ്ടത്തിൽ ആകും എന്ന പ്രചരണം തീർത്തും ബാലിശമാണ്.

പിന്നെന്തിനാണ് രാജ്യത്ത് ഭരണഘടന പ്രകാരം പ്രവർത്തിക്കേണ്ട തിരഞ്ഞെടുത്ത സർക്കാരുകൾ ? സമൂഹത്തിലെ പാവപ്പെട്ടവരുടെ കാര്യം നോക്കാൻ തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾക്ക് ഉത്തരവാദിത്വം ഇല്ലേ? ക്രോസ് സബ്സിഡിയുടെ മറവിൽ പൊതുമേഖലാ വൈദ്യുതി യൂട്ടിലിറ്റികൾക്ക് സ്വന്തം കെടുകാര്യസ്ഥതയും പ്രവർത്തനത്തിലെ കാര്യക്ഷമതയില്ലായ്മയും മൂടിവെക്കാൻ അവസരം ഉണ്ടാക്കി കൊടുക്കേണ്ട ആവശ്യമുണ്ടോ? മാത്രവുമല്ല സാമ്പത്തിക സഹായം ലഭിക്കുന്ന വിഭാഗത്തിന്റെ ശരിയായ കണക്കുകൾ കൃത്യമായി ലഭിക്കുവാൻ സാഹചര്യം ഉണ്ടാക്കേണ്ടത് അർഹതപ്പെട്ടവർക്ക് ആവശ്യത്തിന് സഹായം ഉറപ്പാക്കാനും അനർഹരായവർ ആനുകൂല്യം തട്ടിയെടുക്കുന്ന സാഹചര്യം ഇല്ലാതാക്കാനും ആവശ്യമാണ്.

അർഹതപ്പെട്ടവർക്ക് വേണ്ട സഹായം ചെയ്യാനുള്ള ഉത്തരവാദിത്വം സർക്കാരുകൾ നിർവ്വഹിക്കണം. അതിന് വേണ്ട ആനുകൂല്യങ്ങൾ അവരുടെ അക്കൗണ്ടിൽ നേരിട്ട് നിക്ഷേപിക്കാം. ഏത് സർക്കാരാണ് സഹായം ചെയ്യുന്നത് എന്ന് ജനം കൃത്യമായി അറിയുകയും ചെയ്യും. അങ്ങനെ വൈദ്യുതി വ്യവസായത്തിന് സുതാര്യതയും കാര്യക്ഷമതയും അക്കൗണ്ടബിലിറ്റിയും കൊണ്ടുവരുന്നതിന് സാഹചര്യം ഒരുങ്ങുന്നത് നല്ലതല്ലേ ?

വൈദ്യുതി താരീഫിലൂടെയുള്ള ക്രോസ് സബ്സിഡിക്ക് പകരം അർഹതയുള്ളവർക്ക് സർക്കാർ നേരിട്ട് സബ്സിഡി കൊടുക്കുന്ന സാഹചര്യത്തിൽ ക്യാൻസർ രോഗിയും BPL കാരനും അല്ലാത്തവരും തമ്മിൽ വൈദ്യുതി വിതരണക്കമ്പനിക്ക് യാതൊരു വ്യത്യാസവും ഉണ്ടാവേണ്ടതില്ല എന്നതുകൊണ്ട് വൈദ്യുതി ഉപയോഗിക്കുന്ന എല്ലാ ഉപഭോക്താവിനും തുല്യ അവകാശവും നീതിയും ഉറപ്പാക്കപ്പെടാൻ സാഹചര്യം ഉണ്ടാവുന്നു.

ഉപഭോക്താവിന് വൈദ്യുതി എത്തിക്കാൻ വേണ്ട ചെലവിന് അനുസരിച്ച് വൈദ്യുത റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന retail വിലയിൽ KSEB ഉൾപ്പെടെയുള്ള വിതരണക്കമ്പനികൾ എല്ലാവർക്കും വൈദ്യുതി വിൽക്കുന്നതിനാൽ താരീഫിന്റെ സങ്കീർണതയിൽ നിന്നും വൈദ്യുതിക്കച്ചവടം വിമുക്തമാകുന്നത് ഒരു പോസ്റ്റിൽ നിന്നും കൊടുക്കുന്ന വൈദ്യുതിയ്ക്ക് ഒരേ വില എന്ന സങ്കൽപത്തി

ലേക്ക് വൈദ്യുതി വ്യാപാരത്തെ വളർത്തും എന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുമൂലം വൈദ്യുതി വിതരണക്കമ്പനിയ്ക്കും ജീവന ക്കാർക്കും സമ്മർദ്ദ ഗ്രൂപ്പുകളുടെ സബ്സിഡി തട്ടിപ്പിൽ ഭാഗഭാക്കാകേണ്ടി വരില്ല എന്നു മാത്ര മല്ല സ്വന്തം സ്ഥാപനത്തെ കുറഞ്ഞ താരീഫിൽ പെടുത്താൻ വേണ്ടി സമ്മർദ്ദ ഗ്രൂപ്പുകൾ കളി ക്കുന്ന വഴിവിട്ട കളികൾക്കും അറുതി വരില്ലേ?

വൈദ്യുതിയും ഒരു ചരക്കായി സുപ്രീം കോടതി പ്രഖ്യാപിച്ചിട്ട് ഇരുപത് വർഷത്തില ധികമായി എങ്കിലും മറ്റെല്ലാ ചരക്കും വിൽക്കുന്ന പോലെ വൈദ്യുതിയും വിൽക്കാ നാകുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുന്നത് വൈദ്യുതി വ്യാപാരത്തിന്റെ കാര്യക്ഷമത കൂട്ടാനും വൈദ്യുതിയുടെ മേന്മയിലും വിശ്വാ സ്യതയിലും ഉള്ള പ്രശ്നങ്ങളിൽ ബന്ധപ്പെട്ട വരുടെ ശ്രദ്ധ ഉണ്ടാകുന്നതിനും ഉപകരിക്കും.

ചുരുക്കിപറഞ്ഞാൽ സർക്കാരിന്റെ ജോലി സർക്കാർ ചെയ്യുകയും വിതരണ യൂട്ടിലിറ്റികൾ അവരുടെ ജോലി കാര്യക്ഷമമായി ചെയ്യുവാൻ സർക്കാർ വേണ്ട രീതിയിൽ നടപടിയെടുക്കു കയും ചെയ്താൽ പൊതുമേഖലാ വൈദ്യുത ക്കമ്പനികൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കാ നുള്ള സാഹചര്യം ഒരുങ്ങും എന്നതിൽ സംശയം ഇല്ല. അത് ഉപഭോക്താവിന് മേന്മ യുള്ള വൈദ്യുതി ഇടതടവില്ലാതെ സുരക്ഷി തമായി ന്യായമായ വിലയ്ക്ക് ലഭിക്കാൻ സാഹ ചര്യം ഉണ്ടാക്കും.

## ഫെഡറലിസവും വൈദ്യുതമേഖലയും

**വൈ**ദ്യുത നിയമ ഭേദഗതി രാജ്യത്തിന്റെ ഫെഡറലിസത്തെ തകർക്കും എന്ന പ്രചരണം തികച്ചും ബാലിശമായ ഒരു രാഷ്ട്രീയ ആരോ പണം മാത്രമാണ്. വൈദ്യുതി എന്ന ഉൽപ ന്നത്തിന്റെ കൈമാറ്റ പ്രക്രിയയിലെയും വൈദ്യുതി ശൃംഖലയുടെ പ്രവർത്തനത്തി ലെയും ധാരണ ഇല്ലാത്തതുകൊണ്ടോ സങ്കു ചിതമായ രാഷ്ട്രീയലക്ഷ്യങ്ങൾ മുൻനിറുത്തി യോയാണ് ഇത്തരം ഒരു പ്രചരണം എന്നു പറയാതെ വയ്യ.

വൈദ്യുതിയുടെ ആദ്യ കാലഘട്ടങ്ങളിൽ ഒരു പവർ ഹൗസ് സ്ഥാപിച്ച് അതിനുചുറ്റും കറണ്ട് വിൽക്കുന്നതായിരുന്നു വൈദ്യുതി വിത രണത്തിന്റെ ആദ്യ ഘട്ടം. ഓരോന്നും ഓരോ സ്ഥാപനം. അത് മാറി ചെറിയ Interconnected area നിശ്ചയിച്ചുള്ള കമ്പനികൾ ഉണ്ടായി. ലോക്കൽ ഏരിയ വികസിച്ച് സംസ്ഥാന ശൃംഖ ലയും പിന്നീട് മേഖലാ ശൃംഖലയും അവസാനം നാഷണൽ ശൃംഖലയും ആയി. ഇപ്പോൾ അതിനും പുറത്തേയ്ക്ക് ദക്ഷിണ ഏഷ്യൻ ശൃംഖലയായി വളർന്നു കഴിഞ്ഞു. തുടർന്നും ഏഷ്യൻ ശൃംഖലയിലേയ്ക്കും ഗ്ലോബൽ ശൃംഖലയിലേയ്ക്കും വളരുക എന്ന താണ് മേഖലയുടെ വിഷൻ. ഇങ്ങനെയുള്ള സാഹചര്യത്തിൽ വൈദ്യുതി എന്ന ഊർജ്ജ ഉൽപന്നത്തിന്റെ നിയന്ത്രണത്തിലും വ്യാപാ രത്തിലും സാങ്കേതികവും സാമ്പത്തികവുമായ കാര്യങ്ങൾക്ക് മാത്രമാണ് പ്രാധാന്യം കൊടു ക്കാനാവുന്നത് എന്ന വസ്തുത മനസ്സിലാ ക്കാതെ സങ്കുചിത താൽപര്യങ്ങൾ മുന്നിൽ നിറുത്തി പ്രചരിപ്പിക്കുന്ന ഫെഡറലിസത്തിന് എന്തു വിലയാണ് കൊടുക്കാനാവുക ?

പരസ്പരം ബന്ധിപ്പിക്കപ്പെട്ടു കിടക്കുന്ന ഒരു വൈദ്യുതി ശൃംഖലയിൽ വൈദ്യുതി ഒഴു കുന്നത് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിന്റെ തത്വങ്ങൾ പ്രകാരമാണ് എന്നതും അവിടെ വൈദ്യുതിക്ക് രാഷ്ട്രമോ സംസ്ഥാനങ്ങളോ ഭാഷയോ വേഷമോ രാഷ്ട്രീയമോ ബാധക മല്ല എന്നതും നമ്മൾ ഓർത്തിരിക്കേണ്ടതാണ്. അതുകൊണ്ട് വൈദ്യുതി എന്ന ഉൽപ്പന്നത്തെ നിയന്ത്രിക്കാനും അതിന്റെ വ്യാപാരത്തെ കാര്യ ക്ഷമമമാക്കാനും ഉതകുന്ന നിയമങ്ങൾ എല്ലാ വർക്കും ബാധകമായുള്ള ഒരേ നിയമ വ്യവ സ്ഥയാണ് പ്രായോഗികമായി സാധ്യമാവുക എന്നതും ഓരോ സംസ്ഥാനങ്ങൾക്കും പ്രത്യേകം പ്രത്യേകം നിയമങ്ങളും പ്രവർത്തന ചട്ടങ്ങളും പ്രയോഗികമായി സാധ്യമല്ല എന്നതും വൈദ്യുത മേഖലയിൽ ജോലി ചെയ്യുന്ന എഞ്ചിനീയർമാർ എങ്കിലും മനസ്സി

ലാക്കിയിരിക്കേണ്ടതാണ്. ദേശവ്യത്യാസമില്ലാതെ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായ കേന്ദ്ര നിയമങ്ങളാണ് വൈദ്യുതിയുടെ കാര്യക്ഷമമായ നിയന്ത്രണത്തിനും വ്യാപാരത്തിനും ആവശ്യം എന്നത് ഒരു വസ്തുതയാണ്. 2003 വൈദ്യുത നിയമവും അതിന്റെ subordinate നിയമങ്ങളും ചട്ടങ്ങളും അതിന്റെ പ്രയോഗികതയെയും അതുകൊണ്ടുണ്ടാവുന്ന കാര്യക്ഷമതയെയും അർത്ഥശങ്കയില്ലാതെ തെളിയിച്ചിട്ടുമുണ്ട്.

എന്നാൽ അതൊന്നും പരിഗണിക്കാതെയുള്ള " ഫെഡറലിസം അപകടത്തിൽ" എന്ന പ്രചരണം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രാഷ്ട്രീയ അജണ്ടകളിൽ മാത്രം അധിഷ്ടിതം എന്നത് വളരെ വ്യക്തമാണ്. കാരണം ഈ ഫെഡറലിസത്തിന്റെ വക്താക്കളും വൈദ്യുതി മേഖലയുടെ ഗ്ലോബൽ ഗ്രിഡിലേക്കുള്ള യാത്രയെ ദക്ഷിണേഷ്യൻ ഗ്രിഡിൽ വച്ച് നിറുത്തി തിരിച്ച് ഓടിക്കണം എന്ന ആവശ്യക്കാരാവാൻ വഴിയില്ല.

കേരളം പോലെ ശരാശരി 70 ശതമാനത്തിൽ അധികം വൈദ്യുതി അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത് നിത്യവൃത്തി കഴിയുന്ന ഒരു സംസ്ഥാനത്തിന് എങ്ങനെയാണ് വൈദ്യുത മേഖലയിൽ ഫെഡറലിസം എന്ന ആനമണ്ടത്തരം ആവശ്യപ്പെടാനാവുന്നത് എന്നത് എത്ര ചിന്തിച്ചിട്ടും മനസ്സിലാവുന്നില്ല.

രാജ്യമൊട്ടുക്ക് ഒരേ നിയമവ്യവസ്ഥയിൽ കൈകാര്യം ചെയ്തിട്ടും വൈദ്യുത വ്യാപാരത്തിന്റെ സങ്കീർണ്ണതയും നടപടിക്രമങ്ങളും സാധാരണക്കാരന്റെ ധാരണയ്ക്ക് മുകളിൽ നിൽക്കുമ്പോൾ ഓരോ സംസ്ഥാനങ്ങളും അവരുടെ ധാരണക്കും മുൻവിധികൾക്കും നേട്ടങ്ങൾക്കും മുൻഗണന കൊടുത്തു കൊണ്ടുണ്ടാക്കുന്ന നിയമങ്ങൾ രാജ്യത്തെ വൈദ്യുതി വ്യാപാരത്തെയും കൈമാറ്റ വ്യവസ്ഥകളെയും കുട്ടിച്ചോറാക്കാൻ വലിയ സമയമൊന്നും വേണ്ടി വരില്ല എന്നത് പകൽപോലെ വ്യക്തമാകുന്ന കാര്യമാണ്.

സങ്കുചിതങ്ങളായ രാഷ്ട്രീയ ലാഭങ്ങൾക്കും വ്യക്തിപരമായ നേട്ടങ്ങൾക്കും വേണ്ടി സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്കും ജനങ്ങളുടെ ഭാവിക്കും പരിഗണന കൊടുക്കാതെയുള്ള രാഷ്ട്രീയ- സംഘടനാ നിലപാടുകൾ രാജ്യത്തിനും സംസ്ഥാനത്തിനും എന്തു ഭാവിയാണ് വാഗ്ദാനം ചെയ്യാൻ പോകുന്നത്? നിയമഭേഗതി ബില്ലിൽ റഗുലേറ്ററി കമ്മീഷന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഫെഡറലിസത്തിന് എതിരാണ് എന്ന വാദമാണ് ഏറ്റവും വിചിത്രം!

റഗുലേറ്ററി കമ്മീഷന്റെ പ്രവർത്തനങ്ങളെ വൈദ്യുതി നിയമത്തിന്റെയും രാജ്യത്തെ വൈദ്യുതി നയങ്ങളുടെയും ഉദ്ദേശലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ടരീതിയിൽ നിയന്ത്രിക്കാൻ പോലും പാടില്ല എന്ന വാദത്തിന്റെ അടിസ്ഥാനം എന്താണ് ?

ഇപ്പോൾ കേരളത്തിലെ റഗുലേറ്ററി കമ്മീഷൻ അടക്കം പല റഗുലേറ്ററി കമ്മീഷനുകളും വൈദ്യുതി നിയമത്തിന്റെ ബന്ധപ്പെട്ട വ്യവസ്ഥകളെ പോലും പരിഗണിക്കാതെയും രാജ്യത്തെ ഊർജ്ജ നയത്തെയോ റിന്യൂവബിൾ ഊർജ്ജത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഉണ്ടാക്കിയ രാഷ്ട്രത്തിന്റെ പോളിസികളെയോ കണക്കാക്കാതെയും വൈദ്യുതി മേഖലയുടെ പ്രശ്നങ്ങളെപ്പറ്റി വേണ്ട കാഴ്ചപ്പാടോ ധാരണയോ ഇല്ലാതെ തന്നിഷ്ടം പ്രവർത്തിക്കുന്നതും സംസ്ഥാന സർക്കാരിന്റെ രാഷ്ട്രീയ നേതൃത്വത്തിന്റെ സങ്കുചിതമായ കാഴ്ചപ്പാടുകളുടെ ചട്ടുകമാകുന്നതും മേഖലയുടെ പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്ന സ്ഥിതിവിശേഷമാണുള്ളത്.

കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന ബന്ധപ്പെട്ട നിയമങ്ങളെയോ നിർദ്ദേശങ്ങളെയോ കേന്ദ്ര വൈദ്യുത റഗുലേറ്ററി കമ്മീഷന്റെയും കേന്ദ്ര വൈദ്യുത അംഗീകാരിയുടെയും നിലവിലെ ചട്ടങ്ങളെയോ മാനദണ്ഡങ്ങളെയോ നിർദ്ദേശങ്ങളെയോ കണക്കിലെടുക്കാ

തെയും ഇഷ്ടം പോലെ ചട്ടങ്ങൾ ഉണ്ടാക്കുന്നതും ഉത്തരവുകൾ ഇടുന്നതും വൈദ്യുത നിയമത്തിന്റെയും വൈദ്യുത നയത്തിന്റെയും ഉദ്ദേശലക്ഷ്യങ്ങൾ നടപ്പാവാൻ മേഖലയുടെ പ്രവർത്തനങ്ങളെ വേണ്ട വിധത്തിൽ ഏകോപിപ്പിക്കുന്ന സാഹചര്യമുണ്ടാക്കാതെ സങ്കീർണ്ണതയും പ്രതിബന്ധങ്ങളും സൃഷ്ടിക്കുന്നു. ഈ സ്ഥിതി ഇനിയും തുടരണമെന്നാണോ വാദം ?

വൈദ്യുതി നിയമ പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന നിയമങ്ങളെയും ഉത്തരവുകളെയും നിർദ്ദേശങ്ങളെയും നിയമപ്പഴുതുകളിലൂടെ മറികടന്ന് ഓരോ റഗുലേറ്ററും അവരവർക്ക് തോന്നുന്ന പോലെയോ സംസ്ഥാന സർക്കാരുകളുടെ സങ്കുചിത രാഷ്ട്രീയ ലക്ഷ്യങ്ങൾ മാത്രം മുൻനിറുത്തിയോ പ്രവർത്തിക്കുന്ന സാഹചര്യം രാജ്യതാൽപര്യത്തിന് ആത്യന്തികമായി നല്ലതാണോ?

വൈദ്യുതി ഒരു നാഷണൽ ശൃംഖലയായി പരസ്പര ബന്ധിതമായി പ്രവർത്തിക്കുമ്പോൾ ഒരു രാജ്യം ഒറ്റ ഗ്രിഡ് ഒരു നയം എന്ന രീതിയിൽ മുന്നേറുമ്പോൾ, എല്ലാ റഗുലേറ്ററും വൈദ്യുതി നിയമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ലക്ഷ്യത്തിലേക്ക് ഒരുമയോടെ പ്രവർത്തിക്കേണ്ടത് വൈദ്യുത മേഖലയിൽ രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ആവശ്യമല്ലേ ? ഈ ലക്ഷ്യങ്ങളൊക്കെ ഫെഡറലിസത്തിന്റെ പേരും പറഞ്ഞ് അട്ടിമറിക്കുന്നതിന്റെ ഉദ്ദേശം എന്താണ് ?

ചുരുക്കി പറഞ്ഞാൽ വൈദ്യുതി ഭേദഗതി ബില്ലിനെ എതിർക്കാൻ വേണ്ടി ഫെഡറലിസത്തെ മുൻ നിറുത്തി ചെയ്യുന്ന പ്രചരണങ്ങൾ വൈദ്യുത മേഖലയുടെ പ്രവർത്തനങ്ങളുമായും സാങ്കേതിക വ്യാപാര പ്രശ്നങ്ങളുമായും യോജിച്ചു പോകാൻ പറ്റാത്തതാണ്. അതിനെ ഒരു രാഷ്ട്രീയ പ്രശ്നമാക്കി ഭേദഗതിയെ എതിർക്കുന്നത് കാര്യങ്ങൾ മനസ്സിലാക്കാത്തതുകൊണ്ടോ സങ്കുചിതമായ രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് രാജ്യത്തേക്കാൾ പ്രാധാന്യം കൊടുക്കുന്നതു കൊണ്ടോ ആണ് എന്നതാണ് നിരീക്ഷണം.

✵

---

കവിത

## കലാംകാലം



**പ്ര**ഥമ പൗരനായ് ശോഭിച്ചിരുന്നങ്ങ്
പ്രസംഗകലയുടെ ലാളിത്യഭാവമേ
പ്രധാനിയായിരുന്നങ്ങ് പൊഖ്റാനിലും
പ്രതീക്ഷകളശേഷം നിറവേറ്റി നൽകി

ജ്വലിയ്ക്കും മനസ്സുമായി അഗ്നി ചിറകുകളിലേറി
ശാസ്ത്രലോകത്ത് പറന്നുയരുവാൻ
സ്വപ്ന നേട്ടങ്ങൾ കാലത്തിനേകി
ഭാരതാംബതൻ കലിയുഗവരദാനമേ നീ

ചിന്തിയ്ക്കും മനതാരിൽ ചിരിയ്ക്കും വദനവുമായി
ചർച്ചകളൊത്തിരി ആഴത്തിലേകി
രാഷ്ട്രത്തലവൻ ബഹുമുഖപ്രതിഭാധനൻ
രാമേശ്വരത്തെ ശ്രീ അബ്ദുൾ കലാം !!!



Er **മഹേഷ് റ്റി.**
*അസിസ്റ്റന്റ് എഞ്ചിനീയർ*

# ഹൃദയവും ബുദ്ധിയും



*Er ഹരീഷ് എ.ഡി.*
*അസിസ്റ്റന്റ് എഞ്ചിനീയർ*

'**നി**ങ്ങൾ ഹൃദയം കൊണ്ട് ചിന്തിക്കരുത്... ബുദ്ധികൊണ്ട് ചിന്തിക്കണം.' ഇത് ചാണക്യ വചനമാണ്. ഹൃദയം കൊണ്ട് ചിന്തിച്ചാൽ നിങ്ങളെ നയിക്കുക വികാരങ്ങളാകും. അത് ലക്ഷ്യപ്രാപ്തിക്ക് തടസ്സമാണ്. അതുകൊണ്ട് വികാരങ്ങളെ മാറ്റിനിർത്തി ബുദ്ധിയും, സാമർത്ഥ്യവും ഉപയോഗിച്ച് ലക്ഷ്യത്തിലേക്ക് നീങ്ങണം. മറ്റൊരർത്ഥത്തിൽ 'ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നു'. ഈ വചനം എത്രമാത്രം ശരിയാണെന്ന് എന്റെ ജീവിതാനുഭവങ്ങളും, ചാണക്യന്റെ പ്രവർത്തന രീതികളും വച്ച് അപഗ്രഥിച്ച് നോക്കുകയുണ്ടായി. അതിൻ പ്രകാരം, ചെറിയൊരു തിരുത്ത് ഈ വചനത്തിന് ആകാമെന്ന് തോന്നി. അദ്ദേഹം എന്നോട് ക്ഷമിക്കട്ടെ .

'സ്ഥലം, കാലം, സമയം എന്നിവ അനുസരിച്ച് നിങ്ങൾ ബുദ്ധികൊണ്ടും, ഹൃദയം കൊണ്ടും മാറി മാറി ചിന്തിക്കുക 'ചാണക്യ തന്ത്രങ്ങൾ ഈ കാലഘട്ടത്തിൽ അറിഞ്ഞും അറിയാതെയും പലരും ഉപയോഗിക്കുന്നുണ്ട്. തൻമൂലം അതിന്റെ നന്മയുടെ വശം ചേർന്നു പോകുന്നതു കാണാം. ചാണക്യൻ വികാരങ്ങളെ ജയിച്ച , വിശാലമായ ഭാരത സാമ്രാജ്യം എന്ന സങ്കല്പം ഉള്ളിൽ കൊണ്ടു നടന്നിരുന്ന, ജനക്ഷേമ തൽപ്പരനായിരുന്ന രാഷ്ട്ര തന്ത്രജ്ഞനായിരുന്നു.മഗധ ഭരിച്ചിരുന്ന സിദ്ധാർത്ഥ സിദ്ധി മൗര്യനെയും, വംശത്തെയും ചതിയിലൂടെ ഉൻമൂലനം ചെയ്ത്, നന്ദ രാജവംശം മഗധയുടെ അധികാരികളാകുന്നു. ബാലനായിരുന്ന ചന്ദ്രഗുപ്ത മൗര്യൻ മാത്രം ഈ കൂട്ടക്കൊലയിൽനിന്നും രക്ഷപ്പെടുന്നു. പിൽക്കാലത്ത്, തക്ഷശിലയിലെ ഗുരുവായ ചാണക്യൻ, നന്ദ മഹാരാജാവിന്റെ മുഖ്യ ഉപദേശകനാകുന്നു. ചില കുബുദ്ധികളാൽ തെറ്റിദ്ധരിപ്പിക്കപ്പെട്ട് , നന്ദ മഹാരാജാവ് ചാണക്യനെ പുറത്താക്കുന്നു. ഭടൻമാർ പിടിച്ചു പുറത്താക്കുമ്പോൾ ചാണക്യന്റെ കുടുമ അഴിഞ്ഞു വീഴുന്നു. നന്ദ മഹാരാജാവിനെ അധികാര ഭ്രഷ്ടനാക്കാതെ അഴിഞ്ഞ കുടുമ കെട്ടില്ലെന്ന് ചാണക്യൻ ഉഗ്രപ്രതിജ്ഞയെടുക്കുന്നു. രാജാവ് ചാണക്യനെ തുറുങ്കിലടയ്ക്കുന്നു. നന്ദ മഹാരാജാവിന്റെ കൊട്ടാരം ദാസിയിലുണ്ടായ മകനും, ചാണക്യന്റെ വത്സല ശിഷ്യനുമായ പ്രഭാതിന്റെ സഹായത്തോടെ കാരാഗൃഹത്തിൽ നിന്നും രക്ഷപ്പെട്ട ചാണക്യൻ ഒരു ഗുരുകുലം സ്ഥാപിക്കുന്നു. അവിടെ വച്ച് യാദൃച്ഛികമായി ചന്ദ്രഗുപ്തമൗര്യനെ കണ്ടെത്തുന്നു. പ്രഭാതും,ചന്ദ്രഗുപ്തനും ചാണക്യന്റെ വത്സലശിഷ്യൻമാരാകുന്നു. അവർ തമ്മിൽ, ആര് മുൻപിൽ എന്ന മത്സരം ഉടലെടുക്കുന്നു. ഇവരിൽ ഒരാളെ ഒഴിവാക്കിയില്ലെങ്കിൽ, വിശാല മഗധ സാമ്രാജ്യം എന്ന സ്വപ്നം ദുഷ്ക്കരമാകും എന്ന് ചാണക്യൻ തിരിച്ചറിയുന്നു. രണ്ടു പേർക്കും ഓരോ പുലി നഖമാല ചാണക്യൻ സമ്മാനിക്കുന്നു. ചന്ദ്രഗുപ്തൻ ഉറങ്ങുന്ന സമയത്ത് പ്രഭാതിനോട്, ചന്ദ്രഗുപ്തനെ ഉണർത്താതെ മാല അഴിച്ചെടുക്കാൻ ചാണക്യൻ പറയുന്നു. പ്രഭാതിന് അത് സാധിച്ചില്ല. മറ്റൊരിക്കൽ പ്രഭാത് ഉറങ്ങുമ്പോൾ, അതേ കാര്യം തന്നെ ചന്ദ്രഗുപ്തനോട് ചാണക്യൻ ആവശ്യപ്പെടുന്നു. ബുദ്ധിമാനായ ചന്ദ്രഗുപ്തൻ ഉറങ്ങിക്കിടക്കുന്ന പ്രഭാതിന്റെ ശിരസ്സ് ഛേദിച്ച്, മാല ചാണക്യനെ ഏൽപ്പിക്കുന്നു. പിന്നീട് ചന്ദ്രഗുപ്തനും ചാണക്യനും ചേർന്ന് വിശാലമായ മഗധ സാമ്രാജ്യം സൃഷ്ടിക്കുന്നു.

കവിത

# അകലെ



*Er ഹനീഷ് എ.എസ്.*
*അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ*

**അ**കലെയൊരു കിളിനാദം നിലയ്ക്കുന്നു ,
രുധിരനിറമാർന്ന സന്ധ്യ മാഞ്ഞീടുന്നു.
ഇരുളു പാകിയ വഴിയിലേകാന്തമായ്,
മഞ്ഞിൻ കുളിർ ചൂടി ഞാൻ നടന്നീടുന്നു.

താരകളെല്ലാം മറഞ്ഞൊരീ രാത്രിയിൽ,
ഇനിയുമെത്രയോ ദൂരം ചരിക്കുവാൻ ?!
അറിവീല ! പിന്നിട്ടതെത്രയോ കാതങ്ങൾ ?
മുൻപിൽ നടക്കുവാനെത്രയോ ദൂരങ്ങൾ !

വിധുരമായൊരു നഷ്ടപ്രണയത്തിൽ,
മധുരമാമൊരു നൊമ്പരം പേറി ഞാൻ ,
എത്രയോ നാൾകളായിയാത്ര തുടരുന്നു.
അകലെ ദൂരങ്ങൾ മാടി വിളിക്കുന്നു.

സഖി! ഞാനറിഞ്ഞതീലെന്നന്തികത്തിൽ നീ ,
പുലർക്കാല സൂനമായ് പ്രഭയാർന്നു നിന്നപ്പോൾ,
മമ മാനസത്തിലന്നങ്കുരിച്ചൊരു ,
മൃദുല വികാരമനുരാഗമാണെന്ന് .
അകലെ നീ മാഞ്ഞു പോയ്, കാഴ്ചക്കുമപ്പുറം !
എൻ വിളിപ്പാടിന്റെ കേൾവിക്കുമപ്പുറം !

വ്യഥിതനായ് ഞാനന്നറിഞ്ഞു പ്രിയസഖീ ,
എന്നുള്ളിലുള്ളൊരാ നീറ്റും കനലിനെ !

ഉൾക്കാമ്പിലഗ്നിയെരിഞ്ഞിടും നേരവും,
ഋതുമാറിയണിയുന്ന ഭൂമിയാണിന്നു ഞാൻ .
ഉള്ളിൽ പ്രണയം തപിച്ചു നിൽക്കുമ്പൊഴും,
വാസന്ത പുഷ്പങ്ങളെന്നിൽ വിടരുന്നു.

ഏതകലങ്ങളിൽ പോയ് നീ മറഞ്ഞാലും,
അവസാനമെന്നരികിൽ നീയണഞ്ഞിടും !
നിശ്ചയമാണെനിക്കെൻ പ്രിയ സ്വപ്നമേ ,
ആ നിമിഷത്തിനായ് യാത്ര തുടരട്ടേ!

✵

---

പ്രഭാതിനെയോ, ചന്ദ്രഗുപ്തനെയോ ഒഴിവാക്കേണ്ടി വന്നപ്പോൾ ചാണക്യൻ ഹൃദയം ഉപേക്ഷിച്ചു. ചന്ദ്രഗുപ്തൻ എന്നും പ്രഭാതിനേക്കാൾ മുകളിൽ നിൽക്കാൻ ആഗ്രഹിച്ചിരുന്നു. പക്ഷെ അദ്ദേഹം പലപ്പോഴും ഹൃദയം കൊണ്ട് ചിന്തിച്ചിരുന്നു. അതുകൊണ്ട് തന്നെ അദ്ദേഹം, രാജ്യം മകൻ ബിന്ദുസാരനെ ഏൽപ്പിച്ച് ജൈനമതം സ്വീകരിച്ച് സന്യാസിയായി. ചാണക്യൻ അവസാനം വരെ അചഞ്ചലനായി നിലകൊണ്ടു.

ആത്മാവുകൊണ്ട് ബുദ്ധിയെയും, ബുദ്ധി കൊണ്ട് മനസ്സിനെയും നിയന്ത്രിക്കണമെന്ന് ഗീതയിൽ പറയുന്നു. ഇതിന്റെ ക്രമം തെറ്റിപ്പോയാൽ ശാന്തിയും സമാധാനവും ലഭിക്കില്ല എന്നും പറയുന്നു.

ഞാൻ ഈ വിവരണങ്ങളുടെ ആകെത്തുകയിലേക്കു കടക്കട്ടെ . നിങ്ങൾ ഹൃദയം കൊണ്ട് മാത്രം ചിന്തിക്കുകയാണെങ്കിൽ, ഒരു യുദ്ധം നയിക്കാനോ ജയിക്കാനോ പ്രാപ്തനാകില്ല. നിങ്ങൾ ബുദ്ധികൊണ്ട് മാത്രം ചിന്തിച്ചാൽ, നിങ്ങളുടെ കാമുകിയെ കാമിക്കാനോ, പ്രണയിക്കാനോ നിങ്ങൾക്കാകില്ല. എല്ലാം പ്രാപ്തമാകണമെങ്കിൽ, ഒരു ക്ഷത്രിയ സമാന ജീവിതം നയിക്കണമെങ്കിൽ, ബുദ്ധികൊണ്ടും, ഹൃദയംകൊണ്ടും മാറി മാറി ചിന്തിച്ചേ മതിയാകൂ. ഇത് വളരെ എളുപ്പമുള്ള കാര്യവുമല്ല. മനസ്സിനെ , ബുദ്ധിയെ അതിനനുസരിച്ച് പരുവപ്പെടുത്തിയെടുക്കുക തന്നെ വേണം.

✵

കവിത

# ഒരു കവിത പിടയുമ്പോൾ



*Er. ദിവ്യ രാമദാസ് സി.*
അസിസ്റ്റന്റ് എഞ്ചിനീയർ

സാഹിത്യ വഴിയുടെ ഇടനാഴിയി-
ലൊരു കവിത മരിച്ചു കിടക്കുന്നു
ഭാവനയുടെ തലയോട് തകർന്ന്
അക്ഷരച്ചോറു ചിതറിത്തെറിച്ച്

മുനയൊടിഞ്ഞൊരു തൂലിക
തറഞ്ഞ് കേറി പിളർന്നൊരുഹൃദയം
വാർന്നൊഴുകും രക്തം വീണ്ടും
വരികൾക്കായടിവരകൾ തീർക്കുന്നു

ഇനിയും മരിക്കാത്ത ആശയങ്ങളെ
പ്രജ്ഞയുടെ കടലാസ് തോണിയിൽ
കുത്തിനിറച്ച് ഓർമ്മ തൻ കയ്യിലൊരു
പങ്കായം നൽകി ദൂരേക്ക് യാത്രയാക്കുന്നു

സമകാലീനം, കാലാതീതം, ഗഹനം,
പ്രണയം വിരഹമെന്നിങ്ങനെ പലതും,
മൗനമായ് ചവച്ചും ചടുലമായുരച്ചും
പിറുപിറുത്തും പിന്നെയുറക്കെ ചിന്തിച്ചും

എങ്ങോട്ടെന്നറിഞ്ഞുമറിയാതെയും
ചരിക്കുന്നൊരീ കവികൾ തൻ തോളിൽ
വരിതെറ്റി, നിരയൊത്ത് കുത്തിനിറഞ്ഞ്
അക്ഷരസഞ്ചികൾ തൂങ്ങിയാടുന്നു

ശ്വാസമെടുക്കാൻ ശ്രമപ്പെട്ട് തല പൊക്കു-
മക്ഷരക്കുഞ്ഞുങ്ങളെ നോക്കി ഞാനെൻ
മൂല കീറിയൊഴിഞ്ഞു മുഷിഞ്ഞൊരീ
സഞ്ചി പതിയെയുയർത്തി കാണിക്കുന്നു

ഉതിരുന്ന ദീർഘനിശ്വാസത്തിനർത്ഥം
തിരിയാതെ, തിരയാതെ വീണ്ടും
ഞാനീ കവിത തൻ ജഡത്തിനു കൂട്ടിരിക്കുന്നു
ഒഴുകിപ്പരക്കും നിണമതിൽ വിരൽ നനയ്ക്കുന്നു.

✵

*Condolences & prayers for the departed soul."*



**Er V.O. Ninan**

*Dy. Chief Engineer (Rtd.)*

# അഴിമതിയുടെ തത്വശാസ്ത്രം



**ഡോ. സി. രാമചന്ദ്രൻ**
*ഡെപ്യൂട്ടി ചീഫ് എൻജിനീയർ (റിട്ട.)*

**അ**ക്ബറും ബീർബലും തമ്മിലുള്ള ആശയ വിനിമയം കാലാതീതമായ ഒട്ടേറെ നിത്യസത്യങ്ങൾ അനാവരണം ചെയ്യുന്നവയാണ്, അതിപ്രധാനമായ പല ഭരണകാര്യങ്ങളും അക്ബർ ബീർബലുമായി ചർച്ച ചെയ്യുകയും പരിഹരിക്കുകയും ചെയ്യുന്നത് പതിവായിരുന്നു.

ഒരിക്കൽ തന്റെ ഒരു മന്ത്രിയുടെ അഴിമതി കൊണ്ട് പൊറുതി മുട്ടിയ അക്ബർ ബീർബലിനോടു പറഞ്ഞു.

-ഇയ്യാളെ സ്ഥാനത്തു നിന്നു മാറ്റുന്നതാണ് അഴിമതിയിൽ നിന്നും പിന്തിരിപ്പിക്കാനുള്ള മാർഗ്ഗം.

ബീർബൽ പ്രതികരിച്ചു,

-മഹാരാജാവേ,.അടിസ്ഥാനപരമായ അഴിമതിക്കാരന് അത് നടപ്പാക്കാൻ പദവി ഒന്നും വേണ്ട. അവർ എങ്ങിനെയും അഴിമതി നടത്തിക്കൊള്ളും.

മഹാരാജാവിന് പൂർണ്ണമായി മനസ്സിലായില്ല.അദ്ദേഹം ബീർബലിനോട് ഇത് പ്രായോഗികമായി തെളിയിച്ചു കാണിയ്ക്കാൻ ആവശ്യപ്പെട്ടു. ഒരു സമ്മാനവും പ്രഖ്യാപിച്ചു.

ബീർബൽ കുറച്ചു മുളക്കുറ്റികളും ചുറ്റികയും നീളം അളക്കാനുള്ള അന്നത്തെ ഉപകരണങ്ങളും കയറുകളുമായി യമുനാ നദീതീരത്തു ചെന്നു.തീരത്തിനടുത്ത്,കരയോടു ചേർന്ന് സ്ഥലങ്ങൾക്കടുത്ത് കുറ്റികൾ നാട്ടി, കയറുകളും വലിച്ചു കെട്ടി, ചില അളവുകൾ എടുക്കാൻ തുടങ്ങി. നാട്ടുകാർ ചുറ്റും കൂടി, ഇതെന്തിനാണ്,ഇതെന്തിനാണ് എന്ന് ചോദ്യം തുടങ്ങി, ബീർബൽ ഒരു മറുപടിയും കൊടുക്കാതെ പണി തുടർന്നു. നാട്ടുകാർ ഓരോരുത്തരും വന്ന് പാത്തും പതുങ്ങിയും ബീർബലിന് പണം കൊടുത്ത് തങ്ങളെ രക്ഷിക്കണേ, ഭൂമി എടുക്കരുതേ എന്ന് അഭ്യർഥിച്ചു.

ബീർബൽ വീണ്ടും അക്ഷോഭ്യനായി പണി തുടങ്ങി. കൈക്കൂലി തുക കുറഞ്ഞതുകൊണ്ടായിരിക്കണമെന്നു കരുതി നാട്ടുകാർ ഒരുമിച്ചു ചേർന്ന് ഒരു വലിയ തുക നൽകിയിട്ട് തങ്ങളെ രക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചു.

ബീർബൽ തുകയും വാങ്ങി മുളകളും കുറ്റികളും എടുത്ത് രാജാവിനടുത്തെത്തി വിവരങ്ങൾ എല്ലാം പറഞ്ഞ് സമ്മാന തുകയും വാങ്ങി.

ഇത് ഒരു വലിയ സത്യം നമ്മെ ഓർമ്മിപ്പിക്കുന്നു.അഴിമതിയുടെ പ്രഭവസ്ഥാനം യഥാർഥത്തിൽ അവിഹിതമായി കാര്യങ്ങൾ നേടണമെന്ന ആവശ്യക്കാരാണ്. അവർ ഓരോരുത്തരായി അതിൽ നിന്ന് ഒഴിഞ്ഞു നിന്നാൽ ഒരഴിമതിയും നടക്കില്ല. പക്ഷേ നമ്മളിലെ പല ശരാശരിക്കാരും അതിനു തയാറാകുന്നില്ല. നമ്മുടെ ആഫീസുകളിലെ, സ്ഥാപനങ്ങളിലെ എല്ലാം അഴിമതിയുടെ പ്രധാന കാരണം എങ്ങിനെയും കാര്യങ്ങൾ നടത്താനുള്ള വ്യഗ്രതയും പൗരബോധത്തിന്റെ ജീർണ്ണതയും തന്നെയല്ലേ.

# Dr. APJ Abdul Kalam
# ENERGY QUIZ 2022 - RESULT

| Registration ID | Name | College | District |
|---|---|---|---|
| **First place** | | | |
| 19434 | Senu Sam Biju &Sarath Santhosh | College of Engineering & Management, Punnapra | ALP 1 |
| 19669 | Aswin GR & Cyril Chacko | Mar Baselios Institute of Technology And Science (MBI) | EKM 1 |
| 19479 | Bhavya R Krishnan &Shilpa saji | Govt. Engineering College, Painavu, Idukki ( IDK ) | IDK 1 |
| 19877 | A Swathy Babu &Beteena John Bosco | Bishop Jerome Institute, Fathima College Road, Kollam ( BJK ) | KLM 1 |
| 19600 | HEMANTH K M & ADWAITH SAHADEVAN | Govt. College Of Engineering, Kannur ( KNR ) | KNR 1 |
| 19862 | Muhammed Hussair K P &Karthik K J | LBS College of Engineering, Muliyar, Kasaragod | KSD 1 |
| 19794 | Gokul Lakshman & SALMAN FARIS VS | College of Engineering, Kidangoo | KTM 1 |
| 19503 | Muhammed Fasilu & Sayuj D | College of Engineering, Vadakara, Kozhikode | KZD 1 |
| 19520 | Mohammed Aman &Anees Aboobacker | MES College of Engineering, Kuttippuram ( MES ) | MLP 1 |
| 19808 | Arjun C H & Nandhitha C | Govt. Engineering College, Sreekrishnapuram, Palakkad ( PKD ) | PKD 1 |
| 19477 | ANVAR SADIQUE P &FAZIL K C | Govt. Engineering College,Thrissur ( TCR ) | TSR 1 |
| 19576 | LIYANA J & ROSH CHERIAN | Sree Chitra Thirunal College of Engineering | TVM 1 |
| 19654 | Abhishek shaju & ARJUN N P | Government Engineering College, Wayanad ( WYD ) | WYD 1 |
| **SECOND PLACE** | | | |
| 19464 | Christy Gloriya K V &Sandramol M S | College of Engineering & Management, Punnapra | ALP 2 |
| 19599 | Arshad K Ashraf & Appu Subramanyan | Mar Baselios Institute of Technology And Science ( MBI ) | EKM 2 |
| 19557 | Joel Sam Mathew & Joel Prince Kavalam | Saintgits College of Engineering, Pathamuttom, Kottayam ( MGP ) | KTM 2 |
| 19849 | Sona Antony & Greshma .G | Bishop Jerome Institute, Fathima College Road, Kollam ( BJK ) | KLM 2 |
| 19441 | Amritha p & Aleena Jaison | Vimaljyothi Engineering College,Chemperi P.O, Kannur (VML) | KNR 2 |
| 19786 | Abhilash G Nambiar &Midhun Dinesh | College of Engineering, Thrikaripur | KSD 2 |
| 19704 | MAHALEKSHMI R.NAIR & AKSHAYA A S | Amal Jyothi College of Engineering, Kanjirappally, Kottayam (AJC) | KTM 2 |
| 19588 | Albert Joe Justine & Abhay k | AWH Engineering College, Kozhikode ( AWH ) | KZD 2 |
| 19450 | Nithin kp & suresh p | MES College of Engineering, Kuttippuram ( MES ) | MLP 2 |
| 19716 | ANJANA V & Haripriya HN | Jawaharlal College of Engineering And Technology ( JCE ) | PKD 2 |
| 19558 | Allen George Jose & Saan Santro A.J. | Jyothi Engineering College, Cheruthuruthy, Thrissur ( JEC ) | TSR 2 |
| 19755 | Farha kabeer & Neha Mary thomas | Lourdes Matha College of Science & Technology, Kuttichal, Thiruvananthapuram (LMC) | TVM 2 |
| 19888 | Ammu Prasad & Amaya Prasad | Government Engineering College, Wayanad ( WYD ) | WYD 2 |

കവിത



Er പി. രാമചന്ദ്രൻ
അസിസ്റ്റന്റ് എഞ്ചിനീയർ (റിട്ട.)

# വിട...




ഓർമ്മകൾ എന്നെ പുൽകി പുണരവേ
ആത്മാവിൻ നൊമ്പരങ്ങൾ-
വയ്യാ എനിക്കൊട്ടും സഹിച്ചിടാൻ.
മൃദുല വിചാര വികാരങ്ങളെങ്കിലും
മറക്കാനായില്ലെനിക്കിനിയും
ഹ്രസ്വമാം സ്നേഹങ്ങൾ നൽകുവാൻ മാത്രം
വിധി വഴിയൊരുക്കി!
എനിക്കൊട്ടും നിനക്കു നൽകാനു-
മായില്ലൊരിക്കലും, മനസ്സിൽ മാത്രം
താലോലിച്ചൂട്ടി വളർത്തി ഞാൻ
ഞാനറിയുന്നൂ ഇത്രയും സ്നേഹം
എൻ ഹൃത്തിലുണ്ടായിരുന്നുവെന്ന് !
ഊണിലുമുറക്കിലും നമ്മേ പിന്തുടർന്ന്
ഉത്തമ പുത്രിയായ് നീ ജ്വലിച്ചൂ
എന്തിനിത്ര ഊഷ്മളഭാവം നൽകി നീ സദാ
നമ്മുടെ പരിരക്ഷയേറ്റെടുത്തു ?
ധന്യയായി ജീവിച്ചു മാതൃക കാട്ടി നീ !
മകളായി ധർമ്മപത്നിയായി, സാവിത്രിയായി
അമ്മയായി, സഹോദരിയായി വേഷമിട്ടു
സർവ്വതിലും മാതൃകയല്ലോ നീ! ?
സർവ്വതും നിനക്കായി കരുതിയെങ്കിലും
ഒന്നുമേ പറയാതെ യാത്രയായി !
അർപ്പിക്കുന്നു ഞാനെൻ പ്രണാമം നിനക്കായി
മറ്റൊന്നുമാവതില്ലല്ലോയെൻ മകളേ നിനക്കായി.
കാതോർത്തിടുന്നു ഞാൻ നിന്റെ
സാന്ത്വന വചസ്സിനായിനിയും !

"ജാതസ്യഹി ധ്രുവോർ മൃത്യുർ
ധ്രുവം ജന്മ മൃതസ്യച"

# Suicidal Behaviours: Analysis & Prevention



***Er M. Anil***
*Deputy Chief Engineer (Rtd.)*

The number of persons who choose to die by themselves committing suicide worldwide every year is more than 80,000. This is a major chunk of population facing unprecedented and untimely death. During the year 2021; 1,64,033 Indians committed suicide and the national suicide rate was 12 per 100,000; which is the highest rate of suicidal deaths since 1967; which is the earliest recorded year for this data. According to World Health Organisation, suicide is an emerging public health issue in India. In KSEB Ltd, I am aware of four suicidal deaths among the children of our employees in the 21st century. What can be the reasons for such suicidal behaviours? Enquiry into such details cannot be made as the relatives of the victims are thrown into eternal sorrow, by such misdeeds of the children and people do not feel at home asking about such nightmares, which the affected victims are trying to forget, even though the memories cannot be laid to rest, even after elapse of long periods after the incidents.

**Causative Factors of Suicidal Behaviour**: Suicide is voluntary taking of one's own life. People suffering from hopelessness, despair, holding negative views about oneself seek a drastic solution to escape from such sufferings or ill-feelings, by committing suicide. The symptoms above are typically of depression or higher order anxiety which result in opting high risk behaviours by people intending to end their lives as a panacea for solving all their problems. Depression is caused by mood disorders which may result from lower levels of secretions of neuro-peptides like *serotonin* and *norepinephrine* in the brains of depressed persons. Learned helplessness or belief on the part of individuals that they have no control over their own behavioural outcomes also suffer from depression. Negative views about oneself, possession of negative self-schemas, high stress levels, primitive thinking patterns etc. are the other reasons for depression.

Adolescent people, who are young adults in the age group 18 years and above, who commit suicide do so quite impulsively, soon after a stressful event in their life, for example, on being humiliated by some way amidst the public; failing in a major examination or as a means to prevent becoming exposed after a guilty behaviour due to fear and aftermath upon being caught red-handed etc. Most of the young adults who commit suicide have long-standing mental health issues such as depression, substance abuse or externalizing behavioural disorders. While attempting suicide, men are more

likely to succeed mainly because they use no-fail methods like use of guns, jumping from high altitudes or hanging. Whereas, women are more likely to employ less certain tactics such as poisoning themselves or overdosage of drugs.

**Suicide Prevention**: Identifying persons most at risk for suicidal tendencies; helping resolve the immediate crises that surround and lead to most suicide attempts; and providing medical treatment to help persons at risk to recover from depression are effective strategies for prevention of suicidal behaviour. Persons who risk committing suicidal behaviour are not readily identified. They are mostly depressed to expend the effort needed to produce the real change and majority of depressive tendencies often go unnoticed or untreated medically and neglected; and hence there exist no reliable procedure for preventing suicidal behaviour. Suicides can be averted in most of the situations, if we pay careful attention to the warning signals from the victims. The precautionary measures or instances are discussed below.

***a) Take all suicide threats seriously***: Almost 70% of the suicide victims tell others about their intentions to end life. When someone talks about suicide, take the talk seriously without neglecting him/ her.

***b) When someone mentions suicide, do not be afraid to discuss it***: A common myth about suicide is that it should never be discussed and talking about it would make the matters worse. This is false. Encouraging people to talk about their suicidal thoughts shall result in evincing their problems deeply rooted in the unknown corners of their minds to the open and it can be helpful in preventing such behaviours. So, do not ignore if someone mentions about suicide; talk about it with an inquisitive mind to get the real problem behind such suicidal thoughts, which may be disturbing the subject.

***c) Recognise the danger signals***: The danger signals include (i) statements by someone that he or she has no strong reasons for sustaining life; (ii) agitation or excitement followed by a period of calm resignation; (iii) sudden efforts to give away valued possessions to others; (iv) direct statements such as "I don't want to be a burden any more"; (v) revival from a deeply depressive state, coupled with apparent leave-taking; (vi) expressing fear of being drawn into depressive states, after overcoming from a deep depression etc. If such changes are observed in someone, that may be danger signs, which must be taken care of, with caution.

***d) Discourage others from blaming themselves for failure to attain unrealistic goals***: Many people who attempt suicide take that route as they feel they have failed to live up to their own set standards of achievement, even if they are unrealistic. If we know some person is prone to such behaviours, it is advisable make him/ her to focus on his/ her strong positions in life and get rid of unrealistic and unachievable targets.

***e) If a friend or accomplice display the above cited danger signs, never leave him alone***: As suicide is a solitary act, no one would attempt it in the presence of a person nearby. If we doubt the mental conditions of someone, never leave this person alone. If we cannot stay with the individual concerned, get some other person to help or bring the depressed friend along with us, wherever we go.

***f) Get help when required***: Get professional help of a learned and experienced psychologist or a qualified psychiatrist, in emergent situations or at

least call a suicide help line. Seeking professional help should not be considered as a taboo.

According to the statistics of National Crimes Record Bureau (NCRB) more than 25% of the suicide victims in India in 2021 were women- 45,026 women died by committing suicide in India in 2021 out of the total deaths by suicide of 1,64,033. Out of these; 23,178 were housewives and 5,693 were students. 26% of the women who committed suicide in 2021 died by self-poisoning. The male-to-female suicide ratio in 2021 was 72.5: 27.4. The state of Maharashtra recorded the highest number of deaths by suicide in India, in 2021.

The factors contributing to suicide in India, as evinced from NCRB statistics applicable to the year 2019, is tabulated below.

Preventing suicide totally is extremely difficult as depressed people who are contemplating suicide do not realise that their thinking is restricted and their decision-making process impaired and they never agree to accept medical assistance. The primary reason attributed by suicidal people for not accepting medical help is that they did never think that they needed help or that they wanted to handle their problem on their own. Suicidal people have a particular style of thinking that brings them to the conclusion that death is the one and only one answer to their problems.

Caring friends and home environment coupled with appropriate professional help can go a long way in preventing suicide, which is both a public health and a social malady.

| Sl No. | Contributing Factors | Percentage |
|---|---|---|
| 1. | Family problems | 32.4% |
| 2. | Illness | 17.1% |
| 3. | Drug abuse/ Alcohol Addiction | 5.6% |
| 4. | Marriage-related issues | 5.5% |
| 5. | Love affairs | 4.5% |
| 6. | Bankruptcy or indebtedness | 4.2% |
| 7. | Failure in examination | 2.0% |
| 8. | Unemployment | 2.0% |
| 9. | Professional/ Career problems | 1.2% |
| 10. | Property dispute | 1.1% |
| 11. | Death of a dear person | 0.9% |
| 12. | Poverty | 0.8% |
| 13. | Suspected/ Illegitimate relationships | 0.5% |
| 14. | Fall in social reputation | 0.4% |
| 15. | Impotency/ Infertility | 0.3% |
| 16. | Other causes | 11.1% |
| 17. | Causes not known | 10.3 |

✲

കവിത

# ഇനിയും ഉണരാത്ത ഉറക്കം



*Er കെ.പി.ഗോപാലകൃഷ്ണൻ*
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട)*

**ഉ**ണരുവാൻ വൈകുന്നതെന്തേ?യീ സൂര്യന്റെ
ഉദയകിരണങ്ങൾ കണ്ടുണരുന്ന നീയിത്ര
പതിവിലും താമസിച്ചുണരുവാൻ വൈകുന്നു
പതിവായുണർത്തുവാൻആരും വരില്ലിനി
പതിഭക്ത, പ്രിയ പത്നിചുടുചായ കപ്പുമായ്
അരികിലണഞ്ഞൊരു ചുടു ചുംബനം നൽകി
മുടിയിൽ തഴുകി യുണർത്തുവാനായിനി
ഒരുനാളും മുന്നിൽ വരില്ലെന്ന സത്യം നീ
ഇനിയും തിരിച്ചറിഞ്ഞീടുക, സ്വർഗത്തിൽ
പ്രിയനാകും നിന്നെയും കാത്തിരിപ്പാണവൾ
മറയില്ല,ഒട്ടും മറക്കുവനാവില്ല
മനതാരിൽ നിന്നുമാ അന്ത്യരംഗം
മകളുടെ മാറിൽതലചാരി യോമലാൾ
പരിഭവം ചൊല്ലുന്നു 'കുഞ്ഞുപൊൻമക്കളെ
ഒരുനോക്കു കാണുവാൻ കൊണ്ടുവന്നില്ലേ നീ
ഇനിയൊന്നു കാണുവാൻ യോഗമുണ്ടാകുമോ' ?
അതുപറഞ്ഞോമലാൾ എൻമുഖത്തേക്കൊന്നു
ദയനീയമായ്നോക്കി, വലതുകൈ വീശുന്നു
'പ്രിയനേ ഞാൻ പോകുന്നു' മിഴികളിൽ കണ്ടുഞ്ഞാൻ
ഇതുവരെ കാണാത്തൊരതിദൈന്യ ഭാവങ്ങൾ
ഒരുനോക്കു മാത്രമേ നോക്കിയുള്ളോമലാൾ
അടയുന്നു കണ്ണുകൾ, അന്ത്യയാത്ര;
അലമുറയിട്ടു വിളിക്കുന്ന മക്കളെ
തഴുകി, തലോടിയൊരു സാന്ത്വനം നൽകുവാൻ
അണയുന്നയൽവാസി ചൊന്നതുകേട്ടുഞാൻ
'സുഖനിദ്ര ,ആരെയും കഷ്ടപ്പെടുത്തുവാൻ
ഇടയാക്കിയില്ലിവൾ പുണ്യജന്മം'
മറയില്ല, ഒട്ടും മറക്കുവാനാവില്ല
മനതാരിൽ നിന്നുമാ അന്ത്യരംഗം

പ്രിയ മക്കൾ, മരുമകൾ, ചെറുമക്കളൊക്കെയും
അരികിലുണ്ടെങ്കിലും നീതീർത്തശൂന്യത
അതിഭീകരം, വീണ്ടു മിനിയെത്ര നാളുകൾ
വിരഹാഗ്നി തന്നിൽഞാൻ നീറീ ദഹിക്കണം
അരികത്തണഞ്ഞെന്റെ കുഞ്ഞുമോൾ കൈകളാൽ
കവിളിലെ കണ്ണീർ തുടക്കുന്നു, മുത്തച്ഛൻ
കരയുന്നതെന്തിനെന്നറിയാതെ ചോദിപ്പൂ
കരയുന്നതെന്തിനാണെല്ലാരും മുത്തശ്ശാ ?
മറുവാക്ക് ഞാനെന്തു ചൊല്ലുവാൻ, മുത്തശ്ശി
ഇനിയും വരില്ലെന്ന സത്യമുൾക്കൊള്ളുവാൻ
അറിവായിട്ടില്ലവൾ. ഇനിയെത്ര നാളുകൾ
കഴിയണം, സത്യം തിരിച്ചറിഞ്ഞീടുവാൻ ?
ഒരുനിമിഷമാശിച്ചുപോകുന്നു ഞാനൊരു
ശിശുവായിത്തീർന്നെങ്കിൽ വിരഹത്തിൻ വേദന
അറിയാതെ ഓടിക്കളിച്ചുചിരിച്ചുകൊ -
ണ്ടതിദുഃഖ ഭാവങ്ങളെല്ലാം മറന്നിടാം
ഇതുവെറും വ്യാമോഹമെന്നറിയുമ്പോഴും
വെറുതെ ഞാൻ മോഹിച്ചു പോകുന്നെന്റോമനേ
ഇനിയെത്ര നാളുകൾ വിരഹാഗ്നി ജ്വാലയിൽ
ഉരുകുന്ന മനസ്സുമായ് നീറി ദഹിക്കണം ?
ഇനിയൊരു ജന്മമുണ്ടെങ്കിലോ ,ആജന്മ
സുകൃതമായ് വീണ്ടുമെന്നരികിൽ നീ അണയണം

ഗാനമാധുരി - 03

# നവരാത്രി – ഐതിഹ്യവും സംഗീതവും




*Er പി.വി. പ്രമോദ്*
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ



**ഒ**മ്പത് രാത്രികൾ എന്നർ ഥമുള്ള നവരാത്രി ഹൈന്ദ വരുടെ ആരാധനയുടെയും നൃത്തത്തിന്റെയും സംഗീത ത്തിന്റെയും വിദ്യാരംഭത്തി ന്റെയും ഉൽസവമാണ്. ഒമ്പതു രാത്രിയും പത്തു പകലുമുള്ള ഉൽസവത്തിൽ ആദിപരാശക്തിയായ ഭഗവതിയുടെ ഒമ്പതു രൂപങ്ങളെ ആരാധിക്കുന്നു. ഭഗവതിയെ ആദ്യ മൂന്നു ദിനം പാർവതി, അടുത്ത മൂന്നു ദിനം ലക്ഷ്മി, അവസാന മൂന്നു ദിവസം സരസ്വതി എന്നിങ്ങനെ സങ്കൽപ്പിച്ചാണ് പൂജ നടത്തുന്നത്.

നവരാത്രിയാഘോഷത്തിന് അനുബന്ധ മായി പ്രശസ്തമായ ഐതിഹ്യമുണ്ട്. ദുർഗ്ഗാദേവി മഹിഷാസുരനെ വധിച്ചതിന്റെ സ്മരണയിലാണ് നവരാത്രി ആഘോഷി ക്കുന്നത്. ത്രിലോകങ്ങളും കീഴടക്കിവാണ അസുരരാജാ വായിരുന്നു മഹിഷാ സുരൻ. അസുരരാജാവായ രംഭന് മഹിഷത്തിൽ (എരുമ) പിറന്ന മകനാണ് മഹിഷാസുരൻ. കഠിന തപസ്സനുഷ്ഠിച്ച് ബ്രഹ്മാവിനെ പ്രസാദിപ്പിച്ച മഹിഷന് മനുഷ്യരാലോ ദേവൻമാരാലോ വധിക്കപ്പെടില്ല എന്നും സ്ത്രീയാൽ മാത്രമേ വധിക്കപ്പെടൂ എന്ന വരം ലഭിച്ചു. വരബലത്തിൽ ഉൻമത്തനും അഹങ്കാരി



യുമായി മാറിയ മഹിഷൻ മൂന്നു ലോകങ്ങളും ആക്രമിച്ചു കീഴടക്കി. തുടർന്ന് ദേവലോകത്തു നിന്ന് ഇന്ദ്രനെയും ദേവകളെയും ആട്ടിപ്പാ യിച്ചു. പരിഭ്രാന്തരായ ദേവൻമാർ രക്ഷിക്കാ നായ് മഹാവിഷ്ണുവിനെ സമീപിച്ചു. മഹിഷാസുരന്റെ ശല്യത്തിൽ നിന്നും മൂന്നു ലോകങ്ങളെയും രക്ഷിക്കുവാൻ ശക്തി സ്വരൂപിണിയായ ദേവിയെ സൃഷ്ടിക്കു വാൻ ത്രിമൂർത്തികൾ തീരുമാനിച്ചു. ത്രിമൂർത്തി കളുടെ നിർദ്ദേശ പ്രകാരം പാർവതി, ലക്ഷ്മി, സരസ്വതി എന്നീ മൂന്നു ദേവതകളുടെ തേജസ്സ് ഒന്നായി ചേർന്ന് ദുർഗ്ഗാദേവി രൂപമെടുത്തു. ദുർഗ്ഗ ഒമ്പതു ദിവസം വ്രതം അനുഷ്ഠിച്ച് ആയുധ പൂജയിലൂടെ ശക്തിയാർജ്ജിച്ചു. വിവിധ ദേവതാ രൂപങ്ങൾ സമാഹരിച്ച് രംഗ പ്രവേശം ചെയ്ത ദുർഗ്ഗ അതിസുന്ദരി യായിരുന്നു. ദുർഗ്ഗ ദേവലോകത്തെത്തി മഹിഷാസുരനെ വെല്ലുവിളിച്ചു. സുന്ദരിയായ ദേവിയെ കണ്ട മാത്രയിൽ തന്നെ മഹിഷാ സുരൻ അനുരക്തനായി. എന്നാൽ തന്നെ യുദ്ധത്തിൽ പരാജയപ്പെടുത്തുന്ന പുരുഷന് മാത്രമെ തന്നെ പത്നിയാക്കാൻ കഴിയൂ എന്ന് ദേവി അരുളിച്ചെയ്തു. തുടർന്നുള്ള യുദ്ധ ത്തിൽ ദുർഗ്ഗാദേവി മഹിഷാസുരനെ വിഷ്ണുചക്രം ഉപയോഗിച്ച് ഗളച്ഛേദം ചെയ്തു നിഗ്രഹിച്ചു. ഒമ്പതു ദിനമുള്ള കഠിന വ്രതത്തിന് ശേഷം പത്താംദിനം യുദ്ധത്തിൽ ജയിച്ച ദേവിയുടെ വിജയദിനം വിജയദശമി എന്ന പേരിൽ അറിയപ്പെട്ടു.

ദേവിയുടെ മഹിഷാസുര വിജയം അജ്ഞാനത്തിന്റെ അന്ധകാരം നശിച്ച് വിദ്യയുടെ ആവിർഭാവത്തിന്റെ സൂചനയായി പരിഗണിക്കുന്നു. അങ്ങനെ ജീവിത വിജയത്തിന് ഉപകരിക്കുന്ന സകല കലകളുടെയും ആരംഭം കുറിക്കുന്നതിന് ഏറ്റവും അനുയോജ്യ ദിവസമായി വിജയദശമി മാറി.

ദുർഗ്ഗാദേവിയുടെ പ്രീതിക്കായി നടത്തപ്പെടുന്നതാണ് നവരാത്രിപൂജ. ഏഴു മുതൽ ഒമ്പതു വരെയുള്ള ദിനങ്ങളിലാണ് നവരാത്രിയിലെ മുഖ്യാഘോഷം. എട്ടാം ദിവസമായ ദുർഗ്ഗാഷ്ടമി ദിനത്തിലെ സായാഹ്നത്തിൽ പണി ആയുധങ്ങളും ഗ്രന്ഥങ്ങളും പൂജയ്ക്ക് വെച്ച് അന്ന് ദേവിയെ ദുർഗ്ഗയായി ആരാധിക്കുന്നു. പൂജവെപ്പിന്റെ രണ്ടാംദിനമായ മഹാനവമി ദിനത്തിൽ ദേവിയെ ഐശ്വര്യദായിനിയായ മഹാലക്ഷ്മി ആയാണ് പൂജിക്കുന്നത്. പൂജവെപ്പിന്റെ മൂന്നാം ദിവസമായ വിജയദശമിയിൽ പൂജവെച്ച ആയുധങ്ങളും ഗ്രന്ഥങ്ങളുമെല്ലാം തിരികെ എടുക്കുന്നു. ഈ ദിനം ദേവിയെ മഹാസരസ്വതി ആയിട്ടാണ് പൂജിക്കുന്നത്.

നവരാത്രിയോട് അനുബന്ധിച്ച് വിവിധ ക്ഷേത്രങ്ങളിലും പൂജയും ആഘോഷവും നടക്കുന്നു. കൊല്ലൂർ മൂകാംബികാ ക്ഷേത്രത്തിൽ രഥോൽസവവും വിദ്യാരംഭവും നടക്കുന്നു. കോട്ടയത്തെ പനച്ചിക്കാട്, തൃശൂരിലെ തിരുവുള്ളക്കാവ്, കൊരട്ടി മുളവള്ളിക്കാവ്, എറണാകുളം ചോറ്റാനിക്കര ഭഗവതി, തിരുവനന്തപുരം പൂജപ്പുര സരസ്വതി മണ്ഡപം, മലപ്പുറം കാടാമ്പുഴ ദേവി, തിരുമാന്ധാം കുന്ന് ദേവി, വടകര ലോകനാർകാവ് ദേവി, കണ്ണൂരിലെ മൃദംഗ ശൈലേശ്വരി, കൊടുങ്ങല്ലൂർ ഭഗവതി, ആലപ്പുഴ ചക്കുളത്ത്കാവ് തുടങ്ങിയ മിക്ക ക്ഷേത്രങ്ങളിലും നവരാത്രിയും വിദ്യാരംഭവും വിപുല ചടങ്ങുകളോടെ നടത്തപ്പെടുന്നു.

നവരാത്രിയുമായി അഭേദ്യബന്ധുണ്ട് സംഗീതത്തിന്. സംഗീതത്തിന്റെയും വിദ്യയുടെയും ദേവതയായ സരസ്വതിയെയാണ് നവരാത്രി കാലത്ത് മുഖ്യമായും പൂജിക്കുന്നത്. ഭാരതത്തിന്റെ പരമ്പരാഗത സംഗീതോപകരണമായ വീണയാണ് മുഖ്യമായും സരസ്വതി കയ്യിലേന്തുന്നത്. ശ്വേത വസ്ത്രധാരിയായ സരസ്വതിക്ക് നാലു കൈകളാണുള്ളത്. രണ്ടു കൈകളിൽ സംഗീതസൂചകമായ വീണയും മൂന്നാമത്തെ കൈയിൽ വിദ്യാ സൂചകമായ വേദങ്ങളും നാലാമത്തെ കൈയ്യിൽ അറിവിന്റെ സൂചകമായ താമരയുമാണ് ഉള്ളത്.

മനുഷ്യശരീരത്തിന്റെ പ്രതീകമായ വരവീണ മീട്ടിക്കൊണ്ടു പരമാനന്ദമാകുന്ന സംഗീതത്തെ ഉണർത്തുന്നവളാണ് സരസ്വതി എന്നാണ് സങ്കൽപം.

ബുദ്ധിയും വാക്കും സരസ്വതിയുടെ വരദാനമത്രെ. അതിനാൽ വാഗീശ്വരി, വാണി എന്ന പേരുകളിലും സരസ്വതി അറിയപ്പെടുന്നു.

പൊതുവെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സംഗീത -നൃത്ത കലാശാലകളെയും സരസ്വതീ ക്ഷേത്രങ്ങളായാണ് പരിഗണിക്കുന്നത്. കേരളത്തിലെ നവരാത്രി മഹോത്സവവും വിദ്യാരംഭവവും സരസ്വതീ പ്രാധാന്യമുള്ളവയാണ്. നവരാത്രി കാലത്ത് ക്ഷേത്രങ്ങൾ ഉൾപ്പെടെ പല വേദികളിലും സംഗീതാർച്ചനകളും നൃത്തപരിപാടികളും നടത്തപ്പെടുന്നു.

നവരാത്രിയെപ്പറ്റിയും വിദ്യയുടെയും സംഗീതത്തിന്റെയും ദേവതയായ സരസ്വതിയെ പറ്റിയുമുള്ള ഗാനങ്ങൾ അനവധിയുണ്ട്. അവയിൽ ശ്രദ്ധേയമായ ചില ഗാനങ്ങളെയാണ് ഇവിടെ പരാമർശിക്കുന്നത്.



ഒരു സുന്ദരിയുടെ കഥ (1972) എന്ന ചിത്രത്തിൽ വയലാർ രചനയിൽ ദേവരാജ സംഗീതത്തിൽ പി. സുശീല പാടിയ ഗാനമാണ്

*നവമീ മഹാനവമി*
*നാദനർമ്മദാ നദിക്കരയിൽ*
*നവരാത്രിവളർത്തും കാമസുരഭീ*



നാദനർമ്മദാ നദിക്കരയിൽ നവരാത്രി വളർത്തുന്ന കാമ സുരഭിയായി ദേവിയെ ചിത്രീകരിക്കുന്ന അപൂർവ ഭാവനയാണ് ഈ ഗാനവരികളിൽ. സ്വരദേവതകൾ ദേവിയുടെ ആരാധകരും ഋതുകന്യകകൾ ദേവിയുടെ പരിചാരകരുമായി വിവക്ഷിക്കപ്പെടുന്നു.

'ശങ്കരാഭരണം'രാഗത്തിൽ ചിട്ടപ്പെടുത്തിയതാണ് ഈ അർദ്ധ ശാസ്ത്രീയ സംഗീത ഗാനം.വീണയും പുല്ലാങ്കുഴലും മുഖ്യ പശ്ചാത്തല വാദ്യങ്ങളായ ഗാനം മനോഹരമായ ശ്രവ്യാനുഭവമാണ് പകർന്നു നൽകുന്നത്.




സമുദ്രം (1977) എന്ന ചിത്രത്തിൽ യൂസഫലി കേച്ചേരി രചിച്ച് ദേവരാജൻ മാസ്റ്റർ ഈണം പകർന്ന് മാധുരി പാടിയ ഗാനമാണ്

*സംഗീത ദേവതേ നമസ്തുതെ*
*സരസീരുഹാസനെ സരസ്വതെ*

ഈ ഗാനത്തിൽ സംഗീത ദേവതയായ സരസ്വതിയെ സരസീരുഹാസന, വീണാവാദിനി, ശ്രുതിലയ ശോഭിനി, സുഹാസിനി എന്നിങ്ങനെയുള്ള വിവിധ നാമങ്ങളിൽ പ്രകീർത്തിക്കുന്നു.

'ശുദ്ധസാവേരി' രാഗത്തിൽ ചിട്ടപ്പെടുത്തിയ ശാസ്ത്രീയ സംഗീതാധിഷ്ഠ സരസ്വതി ദേവിക്ക് സ്തുതിയർപ്പിക്കുന്ന ഗാനത്തിന്റെ അന്ത്യത്തിൽ ദീർഘമായ സ്വരപ്രസ്താരമുണ്ട്.



മറുനാട്ടിൽ ഒരു മലയാളി (1971) എന്ന ചിത്രത്തിൽ ശ്രീകുമാരൻ തമ്പി രചിച്ച് ദക്ഷിണാമൂർത്തി സ്വാമി ഈണം നൽകി യേശുദാസും ജാനകിയും പാടിയ യുഗ്മഗാനം വളരെ പ്രശസ്തമാണ്.

*മനസ്സിലുണരൂ ഉഷസന്ധ്യയായ്*
*മായാമോഹിനി സരസ്വതി*
*നാദസദസ്സിലെ നവരത്ന വീണയിൽ*
*നാദം തുളുമ്പുമീ നവരാത്രിയിൽ*

സരസ്വതി ദേവിയോട് ഭക്ത മനസ്സിൽ ഉണർന്ന് കനിവിൻ കാഞ്ചന കതിർമാല ചൊരിഞ്ഞ് കലയുടെ വർണ്ണങ്ങൾ പകർന്ന് അനുഗ്രഹിക്കാൻ പ്രാർഥിക്കുകയാണ് ഈ ഗാനത്തിൽ.

പൂർവികല്യാണി, സാരംഗ്, ശ്രീരഞ്ജിനി, അമൃതവർഷിണി എന്നീ നാലു രാഗങ്ങൾ അടങ്ങിയ രാഗമാലികയായാണ് ഈ അർദ്ധ ശാസ്ത്രീയ സംഗീത ഗാനം ചിട്ടപ്പെടുത്തിയത്. മലയാളത്തിലെഏറ്റവും മികച്ച സരസ്വതീ സ്തുതി ഗാനങ്ങളിൽ ഒന്നാണ് ഈ ഗാനം.



ജീവിക്കാൻ മറന്നു പോയ സ്ത്രീ (1975) എന്ന ചിത്ര ത്തിൽ വയലാർ രചിച്ച് എം.എസ്. വിശ്വനാഥൻ സംഗീതം നൽകി ബി. വസന്തയും യേശു ദാസും ചേർന്നു പാടിയ ഗാനമാണ്.

*ബ്രഹ്മനന്ദിനി സരസ്വതീ*
*നാദബ്രഹ്മമന്ത്ര ബീജാക്ഷരരൂപിണീ*

സരസ്വതീദേവിയെ മഹേന്ദ്രനീല പീഠ നിവാസിനി, മായാമകരന്ദ വാഗ് വിലാസിനി, പ്രസീത ദേവി, മംഗളദായിനി, കലാവതി തുടങ്ങിയ അർഥപൂർണ നാമങ്ങളിൽ സംബോധന ചെയ്താണ് സ്തുതിയർപ്പിക്കുന്നത്.

ഒരു നൃത്ത ഗാനമായി ചിട്ടപ്പെടുത്തിയ ഈ സരസ്വതീ സ്തുതി ഗാന ത്തിന്റെരാഗവും ' സരസ്വതി ആണ്. അർദ്ധ ശാസ്ത്രീയ ഗാനമാണെങ്കിലും വളരെ മധുരമനോഹരമാണ് ഈ ഗാനത്തിന്റെ ഈണം

1971 ൽ പുറത്തി റങ്ങിയ ലങ്കാദഹനം എന്ന ചിത്രത്തിൽ ശ്രീകുമാരൻ തമ്പിയുടെ രചനയിൽ എംഎസ് വിശ്വനാഥൻ ഈണം നൽകി യേശുദാസ് പാടിയ ഗാനമാണ്

*സ്വർഗ്ഗനന്ദിനീ സ്വപ്നവിഹാരിണീ*
*ഇഷ്ടദേവതേ സരസ്വതി*



ഈ ഗാനത്തിൽ സരസ്വതി ദേവിക്ക് സ്വർഗ നന്ദിനി, വാണീമണി, വരദായിനി എന്നീ നാമങ്ങളിൽ സ്തുതിയർപ്പിക്കുന്നു.

'കല്യാണി' രാഗാധിഷ്ഠിതമായ ഗാനം ഒരു നൃത്ത ഗാനമായിട്ടാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

നീലക്കടമ്പ് (1985)എന്ന ചിത്രത്തിനു വേണ്ടി കെ. ജയകുമാർ രചിച്ച് രവീന്ദ്രൻ ഈണം നൽകിയ ഗാനം ചിത്രം പുറത്തിറങ്ങിയില്ലെങ്കിലും പ്രശസ്തമായി.

*കുടജാദ്രിയിൽ കുടികൊള്ളും മഹേശ്വരി*
*ഗുണദായിനി സർവ്വ ശുഭദായിനി*

മൂകാംബികാ ദേവിയെ സ്തുതിക്കുന്ന അപൂർവ്വ ഗാനമാണിത്. മഹേശ്വരി, നാദാത്മിക, വിദ്യാവിലാസിനി, വരവർണ്ണിനി, ശിവകാമേശ്വരി എന്നീ നാമങ്ങളിൽ ദേവി സംബോധന ചെയ്യപ്പെടുന്നു.

'രേവതി' രാഗത്തിൽ ചിട്ടപ്പെടുത്തിയ ഗാനത്തിൽ പ്രയോഗിച്ചിരിക്കുന്ന ഹമ്മിംഗിന്റെയും ക്ഷേത്രമണികളുടെയും നാദം പശ്ചാത്തല സംഗീത ത്തിൽ മുഴങ്ങുന്നത് ക്ഷേത്രാന്തരീക്ഷത്തിന്റെ മനോഹരമായ ശ്രവ്യാനുഭവമാക്കുന്നു. ഈ ഗാനം മൂകാംബിക ദേവിയുടെ



എക്കാലത്തെയും മികച്ച ഗാനമായി നിലനിൽക്കുന്നു.

1992 ൽ പുറത്തി റങ്ങിയ ചിത്രമായ സവിധത്തിൽ കൈതപ്രം രചിച്ച് ജോൺസൺ ഈണം നൽകിയ മനോഹരമായ ഒരു ഗാനമുണ്ട്.


*ബ്രഹ്മകമലം ശ്രീലകമാക്കിയ*
*നാദബ്രഹ്മ സുധാമയി*
*വീണാധരി ശാധോദരി*
*പാഹിമാം പാഹിമാം പരിപാഹിമാം*

ബ്രഹ്മമാകുന്ന താമരയിൽ ആസനസ്ഥയായവീണാധാരിയായ സരസ്വതീ ദേവിയെ സ്തുതിക്കുന്നതാണ് ഗാനം. 'മലയമാരുതം' രാഗത്തിലാണ് ഈ ഗാനംചിട്ടപ്പെടുത്തിയിരിക്കുന്നത്.



✵

# പി.എസ്. ഓർമ്മയായി



സ്നേഹിതരുടെ സ്വന്തം പി.എസ്. എന്ന കെ.എസ്.ഇ.ബി. റിട്ടയേർഡ് അസിസ്റ്റന്റ് എഞ്ചിനീയർ പി. ശ്രീധരൻ, 2022 നവംബർ 9 ബുധനാഴ്ച രാത്രി നമ്മോട് വിട പറഞ്ഞു. കണ്ണൂർ ശ്രീചാന്ദ് ഹോസ്പിറ്റലിൽവെച്ചായിരുന്നു അന്ത്യം. ഗൗരവമുള്ളകാര്യങ്ങൾ ചിരിച്ചുകൊണ്ട് നേരിടുന്നത് അദ്ദേഹത്തിന്റെ സ്വദസിദ്ധമായ സ്വഭാവമാണ്. അത് സ്വന്തം കാര്യത്തിലും പാലിച്ചു. കിഡ്നി തകരാറിലാണ് എന്ന് ഡോക്ടർമാർ സൂചിപ്പിച്ചെങ്കിലും അത് ഗൗരവമായി കാണാതെ ചിരിച്ചുകൊണ്ട് തള്ളിയതായി ഓർക്കുന്നു. അന്ത്യത്തിന് അഞ്ചു ദിവസം മുമ്പാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. അവസാന മൂന്നു ദിവസങ്ങൾ സംസാരിക്കുവാനോ ആരേയും തിരിച്ചറിയാനോ പോലും സാധിക്കാതെ അബോധാവസ്ഥയിലായിരുന്നു. സ്നേഹനിധിയായ ഭാര്യയും മക്കളുമായി സന്തോഷത്തോടെ കഴിയുന്നതിനിടയിലാണ് എല്ലാവരേയും ദുഃഖത്തിലാഴ്ത്തിയ അന്ത്യം.

കെ.എസ്.ഇ.ബി.യിൽ കാസർകോടാണ് ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. അവിടെ നിന്നും കണ്ണൂർ ചൊവ്വയിലേക്ക് മാറ്റം. ചൊവ്വയിൽ വെച്ചാണ് ഞാൻ അദ്ദേഹത്തെ പരിചയപ്പെടുന്നത്. ഞങ്ങൾ കെ.എസ്.ഇ.ബി.യിൽ വിരുദ്ധ സംഘടനയിലായിരുന്നു. അനുഭാവികൾ തമ്മിൽ സംഘട്ടനങ്ങൾ വരെ നടന്നുകൊണ്ടിരിക്കുന്ന സമയത്താണ് അദ്ദേഹം കണ്ണൂരിലെത്തുന്നത്. അന്ന് അദ്ദേഹം പറഞ്ഞ വാക്കുകൾ ഇന്നും ഓർക്കുന്നു. 'സംഘടനാപരമായി നമ്മൾ ശത്രുക്കളാണ്. അതിനാൽ അടിക്കാൻ തോന്നുന്നവർക്ക് എന്നെ അടിക്കാം.' ഇത് പറയുമ്പോഴും ചുണ്ടിൽ പുഞ്ചിരിയായിരുന്നു. അദ്ദേഹത്തിന്റെ ഈ സവിശേഷ സ്വഭാവം എന്നെ വല്ലാതെ ആകർഷിച്ചു. ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ ഉപഭോക്താക്കളോട് ഇടപഴകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പറഞ്ഞു തന്ന് എന്നെ നേർവഴിക്ക് നയിച്ച ഒരു മേലുദ്യോഗസ്ഥനായിരുന്നു ശ്രീധരൻ സാർ. അതിനാൽ ഒരു ജ്യേഷ്ഠ സഹോദരന്റെ സ്ഥാനം നൽകി എന്റെ ശ്രീധരേട്ടനായി. 1978 ൽ എന്റെ വിവാഹത്തിന് പെണ്ണ് കാണാൻ വന്ന ശ്രീധരേട്ടൻ കുടുംബത്തിലെ അംഗം പോലെയായിരുന്നു. വിരമിക്കുന്നതുവരെ യാതൊരു അഴിമതിക്കൊ സ്വജനപക്ഷപാതത്തിനൊ വശംവതനായില്ല എന്നത് സത്യം. കണ്ണൂർ വളപട്ടണം സെക്ഷനിൽ നിന്നും വിരമിച്ചു.

ഞാൻ കെ.എസ്.ഇ.ബി.യിൽ നിന്ന് വിരമിച്ചതിന് ശേഷം ശ്രീധരേട്ടന്റെ വീട്ടിൽ പോയി വീട്ടുകാര്യങ്ങളും നാട്ടുകാര്യങ്ങളും പറഞ്ഞ് സമയം ചെലവഴിക്കുന്നത് പതിവായിരുന്നു. കുറെയധികം നല്ല ഓർമ്മകൾ... ശ്രീധരേട്ടന് പകരം ശ്രീധരേട്ടൻ മാത്രം. ആ നിഷ്കളങ്ക പുഞ്ചിരി മനസ്സിൽനിന്ന് മായുന്നില്ല.

*Er* കെ. ശശിധരൻ

# FRAGRANCE OF GOD

*Er Thomas Kolanjikombil*
Maramon.

It is said, the Italian Catholic saint, Padre Pio(1887- 1967) had the divine blessing of smelling roses and other incense emitting from him on special occasions. The precise odor of the divine has eluded human for millennia, but that has not stopped us from seeking it in the oddest places.

Smell is one of the five senses human have. Like other senses it involves our minds, our bodies and emotions. We cannot see smell but we feel its presence. It alert us. Fragrance arises pleasure and delight us. We cannot catch hold of smell, keep it in our possession and enjoy it ourselves. It spreads to the expanse. Smell imitate characteristics of God.

The universe is filled with fragrance of god. If we are able to feel His fragrance everywhere, it is something much deeper and sanctimonious. It is an experience of transcendence in the whole cosmos. Experiencing transcendence in our world is experiencing god everywhere. Instead of this divine fragrance our present day world often give overpowering stench - war, terrorism, torture, rape, suicide, child abuse, narcotics, polluted environment, etc. This despicable stench warns us that transcendence, the divine glory, reflected in God's creations are not respected. God did not visualize this. He wanted us be in 'Love and Peace', the petals of flowers that send out His Divine Fragrance. When we respect the divine fragrance in others, the desire to dominate upon others ceases. This will end violence against others and nature. The whole cosmos is God's dwelling, like a holy temple. But our religions have grown narrow. They try to encompass god in its walls. By contrast, he who is 'god with us', is an embodiment of love and peace, gives off the fragrance of god. He has no discrimination or exclusion in the name of religion, caste or colour. None is chosen, none is left behind, everyone, everything are respected as all have the divine fragrance.

We are the fragrance of god. When we abide in Him we smell like him, the sweet smelling aroma of His presence, the aroma of love and peace. The life of each one of us is ordered by the Lord in a beautiful way for His glory. Are we spreading the fragrance of god around us?. We need not be rich, educated, spiritual, or rank higher in society to be carriers of God's fragrance. A youtube story of one Santhosh is sweet smelling. He is a poor mason living in a shack on railway puramboke, Thiruvananthapuram. He has no fascination to live in 'arackkal palace'. He dreamt of a painless world. He empathise with people who had no money for treatment. He set apart and spend one third of his daily earnings for this purpose. He says "its a small thing I do, but I enjoy

its fragrance". A simple act of caring can create endless ripples. Scripture says 'who ever is kind to the poor lends to their creator and will be rewarded'. Early christians sold their property and possessions to give to anyone needed. They ate together regularly with glad and sincere heart.

We evaluate people based on their achievements, possessions and positions they have. These attires wither with us in grave. There is nothing to be proud of ourselves in this world. But when we feel that, what we have is the magnanimity of Almighty God, we inaugurate to become human. Its aroma saturates and lingers long after our presence had left this place.

Does the news/story of pain or suffering awake us?, or discard it as another story, then, with impunity we are betraying us. The most selfish thing we can do is to help others, because the gratification we get is ours only.

Life itself has no meaning. It is an opportunity to create meaning. Never loose an opportunity of seeing anything beautiful, for beauty is God's handwriting - Ralph Waldo Emerson.

Our great culture of greeting others saying 'namaste' with folded hands in a bow is originated from vedas. In vedas namaste is used as salutation to divinity. Namaste has two sanskrit words, namaha = to bend and te = to you. So its a salutation saying, the divine light in me bows to the divine light within you. Our 'athithi devo bhava' embodies the traditional hindu - buddhist philosophy of revering guest with same respect of, as god. Bible enjoin people to love thy neighbour as thyself. It is the second commandment the Lord gave humanity to obey, the first being love thy god with all thy heart, soul and mind. We cannot truly love god if we do not love our fellow travellers on this mortal journey. Love of god help us to serve others willingly. Life is the perfect laboratory to develop charity. All of us is imperfect, yet we all desire to be treated kindly despite of our shortcomings.

India stand at 107th in global hunger index 2022 out of 121 countries. Child mortality and child stunting are high. There are 224 million undernourished people. YES, the harvest is plenty.

✵

**Letters to the Editor**

**കത്തുകൾ അയക്കേണ്ട വിലാസം**

The Chief Editor
**Hydel Bullet**
KSEB Engineers' Association, Panavila
Thiruvananthapuram - 01
Phone : 0471 - 2330696

hydelbulletin@gmail.com 7012117197

## സുഭാഷിതം

# പരിശ്രമം



*Er കെ. ശശിധരൻ (റിട്ട.)*
കണ്ണൂർ

'പരിശ്രമം ചെയ്യുകിലെന്തിനെയും
വശത്തിലാക്കാൻ കഴിവുള്ള വണ്ണം.
ദീർഘങ്ങളാം കൈകളെ നൽകിയത്രേ
മനുഷ്യനെ പാരിലയച്ചതീശൻ'

പരിശ്രമത്തിന്റെ മാഹാത്മ്യം വിളിച്ചോതുന്ന വരികളാണിത്. ഏത് വിജയത്തിന്റെ പുറകിലും കഠിനമായ പ്രയത്നം ഉണ്ടായിരിക്കും. പല മേഖലകളിലും വിജയം കൈവരിച്ച് പ്രശോഭിച്ചുകൊണ്ടിരിക്കുന്നവരെ കാണുമ്പോൾ പലർക്കും അസൂയതോന്നും. എന്നാൽ വിജയത്തിന്റെ പുറകിലെ അവരുടെ നിരന്തരപരിശ്രമം ആരും അത്ര ഗൗനിക്കാറില്ല.

ശാസ്ത്രജ്ഞന്മാർ, ഗായകന്മാർ, പ്രാസംഗീകന്മാർ, കായിക അഭ്യാസികൾ തുടങ്ങിയ മേഖലകളിലെല്ലാം പ്രാഗത്ഭ്യം തെളിയച്ചവർ വർഷങ്ങളായി അതാത് മേഖലകളിൽ സാധകം ചെയ്തതിന്റെ ഫലമാണെന്ന് കണ്ടെത്താൻ സാധിക്കും.

ജ്യോതിരാജ്, ബാല്യത്തിൽ സ്കൂളിലൊന്നും പോയില്ല. യുവാവായിട്ടും ഒന്നും ആകാൻ പറ്റിയില്ല. അങ്ങിനെ ഒന്നിനും കൊള്ളാത്തവനെന്ന് പേര് വീണു. ചീത്തപ്പേര് സഹിക്കാൻ കഴിയാതെ പതിനെട്ടാം വയസ്സിൽ ആത്മഹത്യക്ക് ഒരുങ്ങി കർണാടകത്തിലെ ചിത്രദുർഗ്ഗാമലയുടെ മുകളിൽ നിന്ന് ചാടി മരിക്കാൻ തീരുമാനിച്ചു. മരണംകൊണ്ടെങ്കിലും താനൊരു സംഭവമാകട്ടെ ! മലയുടെ അടിവാരത്തെത്തി. മുകളിലോട്ട് നോക്കി തലകറങ്ങി. ഇതെങ്ങനെ കയറും? ധൈര്യം സംഭരിച്ച് കയറ്റമാരംഭിച്ചു. കുറച്ച് കയറിയപ്പോൾ കിതയ്ക്കാൻ തുടങ്ങി. ആത്മഹത്യ അത്ര എളുപ്പമല്ലെന്ന് മനസ്സിലായി. എനിക്ക് പറ്റിയ പണിയല്ലിത്; ഇറങ്ങിയേക്കാം. അപ്പോഴാണ് ആ കാഴ്ച കണ്ടത്. മലയുടെ മറ്റൊരു ചെരുവിൽ പാറയിടുക്കുകളിലൂടെ അള്ളിപ്പിടിച്ച് ഒരു കുരങ്ങൻ പുഷ്പംപോലെ മലകയറുന്നു; കൊള്ളാമല്ലോ. കുരങ്ങനാകാമെങ്കിൽ എന്തുകൊണ്ട് എനിക്കാകില്ല? കുറച്ചുനേരം കുരങ്ങനെ നോക്കി നിന്നു. പിന്നെ കുരങ്ങനെ ദ്രോണനാക്കി ജ്യോതിരാജ് എന്ന ഏകലവ്യൻ മല കയറുവാൻ തുടങ്ങി. ആത്മവിശ്വാസം കരുത്തായപ്പോൾ ചിത്രദുർഗ്ഗ ജ്യോതിരാജിന്റെ മുന്നിൽ തലകുനിച്ചു. മലയുടെ നെറുകയിൽ തൊട്ടപ്പോൾ താഴെ വലിയ ബഹളം. കുറെ വിനോദ സഞ്ചാരികൾ കൈ അടിച്ച് ആർത്ത് വിളിച്ച് തന്നെ അഭിനന്ദിക്കുന്നു. ഇത് കണ്ടപ്പോൾ തോന്നി താൻ ഒന്നിനും കൊള്ളാത്തവനല്ലല്ലോ. പിന്നെന്തിന് ആത്മഹത്യചെയ്യണം ? ആത്മഹത്യ എന്ന ചിന്ത മലമുകളിൽ നിന്ന് താഴേക്കെറിഞ്ഞ് പുതിയ മനുഷ്യനായി ജ്യോതിരാജ് മലയിറങ്ങി.വിനോദസഞ്ചാരികളെല്ലാം വളഞ്ഞ് കുറെ പണം നൽകി. താനാരെന്നും തന്റെ മേഖലയെന്തെന്നും ജ്യോതിരാജ് തിരിച്ചറിഞ്ഞു. ഉയരങ്ങളാണ് ലക്ഷ്യം. മഹാനഗരങ്ങളിലെ ആകാശം മുട്ടുന്ന കെട്ടിടങ്ങളിൽ വെറും കയ്യാലെ അള്ളിപ്പിടിച്ച് കയറി അയാൾ കാഴ്ചക്കാരായ ജനക്കൂട്ടത്തിന്റെ ഹൃദയമിടിപ്പ് കൂട്ടി. അയാളെ ജനങ്ങൾ ഇഷ്ടപ്പെട്ടു. ഇന്ന് കർണാടകയിലെ സ്പൈഡർമാനാണ് ജ്യോതിരാജ് !

## നാടുനന്നാകാൻ - 11

# ചികിത്സാരംഗം



*Er ഇ.എം. നസീർ*
*എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

ഇക്കാലത്ത് ഏറ്റവുമധികം ചൂഷണം നടന്നു വരുന്ന മേഖലകളിലൊന്നാണ് ചികിത്സാരംഗം. രോഗികളെക്കാൾ ചികിത്സകരാണ് കൂടുതലെന്ന് തോന്നുംവിധമാണ് കാര്യങ്ങൾ. രോഗികളായി ചിത്രീകരിച്ച് ഭയപ്പാടുകൾക്ക് വിധേയരാക്കി ചികിത്സകൾ അടിച്ചേൽപ്പിക്കുന്നു. അലോപ്പതി വിഭാഗമാണ് ഇത്തരം പകൽക്കൊള്ളയിൽ മുൻ നിരയിലുള്ളത്.

മറ്റു ചികിത്സാ സമ്പ്രദായങ്ങൾ വളരുന്നത് ഈ വിഭാഗത്തിലെ ഒരു കൂട്ടർക്ക് സഹിക്കാനാകാത്ത കാര്യമാണ്. പരിമിതികളുണ്ടെങ്കിലും പാർശ്വഫലങ്ങൾ കുറവായ ആയൂർവേദം, ഹോമിയോപ്പതി, യുനാനി തുടങ്ങിയ ഫലപ്രദമായ ചികിത്സാ സമ്പ്രദായങ്ങൾ ഇവരുടെ കൗശല തന്ത്രങ്ങളെ പ്രതിരോധിച്ച് പിടിച്ചുനിൽക്കാൻ പാടുപെടുന്നു. രഹസ്യമായി ഈ ചികിത്സകളെ ആശ്രയിക്കുന്ന അലോപ്പതി ഡോക്ടർമാരുമുണ്ട്.

---

ആപത്തിൽപെട്ടവരെ രക്ഷിക്കാനും മറ്റ് അത്യാവശ്യങ്ങൾക്കുമായി പത്തും ഇരുപതും നിലകളുള്ള കെട്ടിടങ്ങളിലും കൂറ്റൻ മരങ്ങളിലും ഉടുമ്പിനെപ്പോലെ അള്ളിപ്പിടിച്ച് കയറുന്നു. കടലിലും പുഴകളിലും ആഴങ്ങളിൽ നിന്ന് മൃതദേഹങ്ങളും മറ്റുമെടുക്കുവാൻ പോലീസിനെ സഹായിക്കുന്നു. സാഹസിക കലയിൽ ഇരുപത്തിയഞ്ച് ശിഷ്യന്മാരുണ്ട്. വിനോദ സഞ്ചാരികളുടെ മുന്നിൽ സാഹസീകത പ്രകടിപ്പിച്ച് അന്തസ്സായി ജീവിക്കുന്നു. ജ്യോതിരാജിന്റെ കഠിന പരിശ്രമത്തിന്റെ ഫലം.

ലോകപ്രശസ്ത ചിത്രകാരനായ പാബ്ലൊ പിക്കാസൊ ഒരു ചിത്രകാരനെന്നതിലുപരി നിരവധി കഴിവുകളുള്ള ബഹുമുഖ വ്യക്തിത്വമായിരുന്നു. ഒരു ദിവസം അദ്ദേഹം തെരുവിലൂടെ നടന്നു പോവുകയായിരുന്നു. പെട്ടെന്ന് ഒരു യുവതി മുന്നിൽ വന്നു. അവർ പിക്കാസൊവിന്റെ ഒരാരാധികയായിരുന്നു.

ഓ... പിക്കാസൊ എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാനാവുന്നില്ല. അവരുടെ അമ്പരപ്പും സ്നേഹ പ്രകടനവും പിക്കാസൊവിനെ വികാരഭരിതനാക്കി. കുറച്ചു സമയത്തെ സംസാരത്തിനുശേഷം അവർ പിരിയുമ്പോൾ യുവതി പറഞ്ഞു.

'സാർ, ഈ അസുലഭ കൂടിക്കാഴ്ചയുടെ ഓർമ്മയ്ക്കായി ജീവിതകാലം മുഴുവൻ സൂക്ഷിക്കാനായി എനിക്കെന്തെങ്കിലും ഉപഹാരം തരാമോ?' ഉടനെ പിക്കാസൊ തന്റെ കയ്യിലുണ്ടായിരുന്ന തുവാലയിൽ സ്വന്തം പേനകൊണ്ട് ഒരു ചിത്രം വരച്ചു കൊടുത്തിട്ട് പറഞ്ഞു. ഇത് വെച്ചോളു. ഒരു മില്ല്യൻ ഡോളറിനുള്ള വകയുണ്ട്.

മുപ്പത് സെക്കന്റ് കൊണ്ട് വരച്ച ചിത്രത്തിന് ഇത്രയും മൂല്യമോ...!!

കുട്ടീ, ഞാൻ മുപ്പത് വർഷം കൊണ്ടാണ് മുപ്പത് സെക്കന്റ് ദൈർഘ്യമുള്ള ഈ ചിത്രം വരച്ചത്. നീണ്ട നാളത്തെ പരിശ്രമം പാഴാകില്ല. ഈ തിരിച്ചറിവിലാകട്ടെ ഇന്നത്തെ തുടക്കം.

തൊഴിൽപരമായ ധാർമ്മികത മറന്നുള്ള ചികിത്സയാണ് പലരും നടത്തുന്നത്. സ്വകാര്യ ആശുപത്രികളിൽ പലതും പകൽകൊള്ളയുടെ കേന്ദ്രങ്ങളാണ്. നക്ഷത്ര ആശുപത്രികളാണ് ഇക്കാര്യത്തിൽ മുൻനിരയിൽ. നൽകാത്ത ചികിത്സകൾക്കും ഔഷധങ്ങൾക്കും ബില്ലു നൽകുക, അനാവശ്യമായി ചിലവേറിയ ചികിത്സകളും പരിശോധനകളും അടിച്ചേൽപ്പിക്കുക, അമിത ഡോസിൽ ഔഷധങ്ങൾ നൽകുക, ആവശ്യമില്ലാതെ ICUവിൽ പ്രവേശിപ്പിക്കുക, രോഗ വിമുക്തി നേടിയാലും ഡിസ്ചാർജ് വൈകിപ്പിക്കുക തുടങ്ങിയവയൊക്കെ പതിവ് പരാതികളാണ്.

മുൻകാലങ്ങളിൽ അലോപ്പതി ചികിത്സയ്ക്ക് ബിരുദം മാത്രം മതിയായിരുന്നു. അതിൽ ആളുകൾ തൃപ്തരായിരുന്നു. ചികിത്സാമത്സരം കടുത്തപ്പോഴാണ് ബിരുദാനന്തര ബിരുദവും സൂപ്പർ സ്പെഷ്യാലിറ്റി യോഗ്യതയുമെല്ലാം സമൂഹത്തിൽ അനിവാര്യത കൈവരിച്ചത്. അതിനുതക്കവിധം പൊതു സമൂഹത്തിൽ വലിയൊരു വിഭാഗത്തെ ചികിത്സാ മാഫിയ പരുവപ്പെടുത്തിക്കഴിഞ്ഞു. രോഗികളുടെയും ബന്ധുക്കളുടെയും താൽപര്യത്തേക്കാൾ ഉയരത്തിലാണ് ചികിത്സയുടെ കാര്യത്തിൽ ചികിത്സകർക്കുള്ള ഉത്സാഹം. നക്ഷത്ര നിലവാരമുള്ള ആശുപത്രികളിൽ ചികിത്സ തേടുന്നത് പൊങ്ങച്ചക്കാർക്ക് വലിയ അഭിമാനമാണ്. നിസ്സാരമായ അസുഖങ്ങൾക്കുപോലും മുന്തിയതരം ആശുപത്രികളിലെത്തി വലിയ ബില്ലിനുള്ള ചികിത്സ നേടി അന്തസ്സ് ഉയർത്തി കാത്തുസൂക്ഷിക്കുന്നവരുണ്ട്. അവരുടെ അടുത്ത ബന്ധുക്കൾക്കാണെങ്കിൽ, ബീച്ചിലും പാർക്കിലും പോയി സമയം ചെലവഴിക്കുന്നതിനു പകരമുള്ള ഒരു ബദൽ സംവിധാനമാണ് മുന്തിയതരം കാന്റീനുകളുള്ള ആശുപത്രികളിൽ രോഗിയെ സന്ദർശിക്കാനെന്ന പേരിൽ നടത്തുന്ന ആത്മാർത്ഥതയില്ലാത്ത ആർഭാടത്തോടെയുള്ള വൈകുന്നേര സന്ദർശനങ്ങൾ.

അതിസങ്കീർണ്ണമായ വൻവിലയുള്ള ആധുനിക പരിശോധനാ -ചികിത്സാ സംവിധാനങ്ങൾ സ്വകാര്യ ആശുപത്രികളിലേക്ക് ആളുകളെ ആകർഷിക്കുന്നു. പക്ഷേ ഇതുവച്ചുള്ള മുതലെടുപ്പുകളും ചൂഷണങ്ങളുമാണ് പരാതികൾക്കിടവരുത്തുന്നത്.

സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരിൽ പലർക്കും പ്രൈവറ്റ് പ്രാക്ടീസ് ചാകരയാണ്. സിനിമാ തീയേറ്ററുകളിലെ ടിക്കറ്റ് കൗണ്ടർ തുറന്നുവച്ച് പണം വാങ്ങുന്നപോലെയാണ് കൺസൾട്ടൻസി പ്രവർത്തനം. രോഗികളെ പരിശോധനയ്ക്കും ഔഷധങ്ങൾക്കുമായി നിർദ്ദേശിക്കുന്ന ക്ലിനിക്കൽ ലാബുകളിൽ നിന്നും ഔഷധശാലകളിൽ നിന്നുമുള്ള ഭീമമായ കമ്മീഷനും ലഭിക്കുന്നു. ഇതിന്റെയെല്ലാം ബാദ്ധ്യത രോഗികളിലാണെത്തുക.

ചികിത്സയുടെ പേരിൽ എല്ലാ സമ്പ്രദായങ്ങളിലുംതട്ടിപ്പുകളുണ്ട്. വ്യാജ ചികിത്സകരും വ്യാജ ഔഷധങ്ങളുമുണ്ട്. അന്ധവിശ്വാസങ്ങളെ മുതലെടുത്ത് മന്ത്രവാദ ചികിത്സകൾ നടന്നുവരുന്നുണ്ട്. ഇവരുടെയെല്ലാം പരസ്യങ്ങൾ ചാനലുകളിലൂടെയും അച്ചടി മാധ്യമങ്ങളിലൂടെയും സമൂഹ മാധ്യമങ്ങളിലൂടെയും നിയന്ത്രിക്കാനാരുമില്ലാത്തതിനാൽ നിരന്തരം പ്രചരിച്ചുവരുന്നു.

വ്യാജ അപകടങ്ങളിലൂടെ എത്തപ്പെടുന്ന ഇരകൾ, നിർധന രോഗികൾ, അശരണരും അനാഥരുമായവർ,തട്ടികൊണ്ടുപോകലിനിരയാകന്നവർ തുടങ്ങിയവരുടെ ആന്തരികാവയ

വങ്ങൾ ശസ്ത്രക്രിയകളുടെ മറവിൽ അടിച്ചു മാറ്റി സമ്പന്നരോഗികളിൽ ഫിറ്റു ചെയ്യുന്ന ആതുരാലയങ്ങൾ വരെയുണ്ടെന്ന ആരോപണങ്ങൾ ഉണ്ടായിട്ടുണ്ട്. ചികിത്സയുടെ പോരായ്മകൾ കാരണം രോഗങ്ങൾ വഷളാകുന്നതും രോഗികൾ മരണപ്പെടുന്നതുമൊക്കെ വാർത്തകളിൽ ഇടം നേടാറുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസത്തിന് ഡിമാന്റ് കൂടിയപ്പോൾ അതും കച്ചവടച്ചരക്കായി. നാട്ടിൽ അഡ്മിഷൻ ലഭിക്കാത്തവർ വൻ സാമ്പത്തിക ബാദ്ധ്യതയോടു കൂടി വിദേശ പഠനത്തിന് പോയിത്തുടങ്ങി. നമ്മുടെ പണം അന്യദേശങ്ങളിലേക്കൊഴുകിത്തുടങ്ങി. അങ്ങനെ പോകുന്നവരിൽ ബഹുഭൂരിപക്ഷത്തിന്റെയും ഭാവി എന്നെന്നേയ്ക്കുമായി ഇരുളടയുന്ന അനുഭവങ്ങൾ തുടർക്കഥകളാകുന്നു.

ഇത്തരം വിദേശപഠനത്തിന്റെ നിലവാരവും തട്ടിപ്പും തിട്ടപ്പെടുത്തി നല്ലതും ചീത്തയുമായ സ്ഥാപനങ്ങളെ വേർതിരിച്ച് പൊതുസമൂഹത്തെ അറിയിക്കാനുള്ള പദ്ധതികളൊന്നും അധികൃതരുടെ ഭാഗത്തു നിന്നുണ്ടാകാത്തത് നിർഭാഗ്യകരമായിട്ടേ കാണാനാകൂ. മോഹനവാഗ്ദാനങ്ങൾ നൽകി തട്ടിപ്പു നടത്തുന്ന പ്രമുഖ വിദേശ പഠന റിക്രൂട്ടിംഗ് ഏജൻസികളെല്ലാം ഗുണ്ടാ-രാഷ്ട്രീയ കവചങ്ങൾക്കുള്ളിൽ നിന്നാണ് പ്രവർത്തിക്കുന്നത്

വിദേശ വിദ്യാഭ്യാസം തൃപ്തികരമായി പൂർത്തിയാക്കിവരുന്നവരോട് ചിറ്റമ്മനയമാണ് അധികൃതർ സ്വീകരിച്ചുവരുന്നത്. അവരുടെ പഠന നിലവാരം പരിശോധാക്കാനെന്ന വ്യാജേന നടത്തുന്ന സ്ക്രീനിംഗ് ടെസ്റ്റ് അവരെ അവസാനം വരെ ഒഴിവാക്കാനുദ്ദേശിച്ചുള്ളതാണെങ്കിലും വളരെ അപൂർവ്വമാളുകൾ മാത്രമേ ആ ബാലി കേറാമല കയറ്റത്തിൽ വിജയിക്കാറുള്ളു. നാട്ടിൽ ഉന്നത വിജയം കൈവരിച്ചവർ വരെ തോൽക്കാനിടയുള്ള പരീക്ഷമാണ് അത്. വിദേശത്തുപോയി പഠിച്ചവരെയും ഇവിടത്തെ പൗരന്മാരായി കണക്കാക്കണം അവരോട് ഇരട്ടത്താപ്പു കാട്ടാതെ അവരെയും ഇവിടെ പഠിച്ചവരെയും ഒരു പൊതു പരീക്ഷയുടെ അടിസ്ഥാനത്തിൽ വിലയിരുത്തി നിലവാരം തീരുമാനിക്കുകയാണ് ന്യായമായും വേണ്ടത്. സർക്കാർ വേണ്ട സമയത്ത് വേണ്ടതുപോലുള്ള മുന്നറിയിപ്പുകളും താക്കീതും നൽകിയിരുന്നുവെങ്കിൽ ഒട്ടേറെപ്പേർ വഞ്ചിതരാകുമായിരുന്നില്ല. വിദേശ നാണ്യത്തിനു വില കൽപ്പിക്കുന്ന നാട്ടിൽ നിന്ന് ഒരു പ്രയോജനവുമില്ലാതെ വിദേശത്തേക്ക് പണമൊഴുക്കിയുള്ള നഷ്ടം ഒഴിവാകുമായിരുന്നു.

വിദേശ പഠനത്തിന്റെ പേരിലുള്ള തട്ടിപ്പുകൾ തടയാൻ സംസ്ഥാന സർക്കാർ ആലോചിക്കുന്നതായി അറിയുന്നു.

അലോപ്പതിക്കു നൽകുന്നത്ര പ്രാധാന്യം മറ്റു ചികിത്സാ ശാഖകൾക്കും നൽകണം. അതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കണം. എല്ലാ സർക്കാർ ആശുപത്രികളും നക്ഷത്ര നിലവാരമുള്ള സ്വകാര്യ ആശുപത്രികളിലേതുപോലെ മികച്ച ഡോക്ടർമാർ, ജീവനക്കാർ, ആധുനിക പരിശോധന-ചികിത്സാ ഉപകരണങ്ങൾ, ഔഷധങ്ങൾ, മറ്റു സൗകര്യങ്ങൾ തുടങ്ങിയവയിലൂടെ ഉന്നത നിലവാരമുള്ളതാകണം.അങ്ങനെയാകുമ്പോൾ സ്വകാര്യ മേഖലയിലേക്കുള്ള രോഗികളുടെ പ്രവാഹം കുറയും. സ്വകാര്യ പ്രാക്ടീസ് അവസാനിപ്പിക്കുകയും വേണം. അപ്പോൾ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ചികിത്സ ഉറപ്പാകും. രോഗം ഒരു കുറ്റമല്ല ; അതിനാൽ രോഗികൾ ഒരിക്കലും ശിക്ഷിക്കപ്പെടാനിടവരരുത്.

കഥ

# ശംഭോ മഹാദേവ! (തുടർച്ച)



*Er.* **അനീഷ് ഫ്രാൻസിസ്**
അസിസ്റ്റന്റ് എഞ്ചിനീയർ

**വ**ക്ഷേ ഇങ്ങനെ മുൻപോട്ടു പോയിട്ട് കാര്യമില്ല. സ്വാമിയുടെ ഒപ്പം ജീവിക്കാൻ തുടങ്ങിയിട്ട് മാസങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്തെങ്കിലും ഒരു തീരുമാനം ഉണ്ടാക്കിയെ പറ്റൂ..

ഒരു ദിവസം പുലർച്ചെ സ്വാമി ഇളം വെയിൽ കാഞ്ഞുകൊണ്ട് ഗുഹയുടെ മുൻപിലെ പാറപ്പുറത്തിരിക്കുകയായിരുന്നു. മഞ്ഞുകൊണ്ട് വെളുത്ത കൊടുമുടികൾ വെയിൽകൊണ്ട് സ്വർണ്ണനിറം പൂശാൻ ഒരുങ്ങുന്നു. വനത്തിലെ എല്ലാ പുഷ്പലതാദികളെയും ഉമ്മവച്ച് വരുന്ന തണുത്ത കാറ്റ്. സ്വാമി മുഖത്ത് ഒരു ചെറു പുഞ്ചിരിയോടെ കണ്ണടച്ചിരിക്കുകയാണ്. പെട്ടെന്ന് അദ്ദേഹം എന്നെ കണ്ണ് തുറന്നു ഗൗരവത്തോടെ നോക്കി.

'നിനക്ക് എന്നോട് എന്തോ ചോദിക്കാൻ ഉള്ളത് പോലെ..' സ്വാമി ചോദിച്ചു .

'അത്...അത് സ്വാമിക്ക് എങ്ങിനെ മനസ്സിലായി.?' ഞാൻ അത്ഭുതത്തോടെ ചോദിച്ചു.

സ്വാമി ചിരിച്ചു.

'നിനക്കും എനിക്കുമിടയിലുള്ള വായുവിനു ഒരു സംഭ്രമമുണ്ട്. അത് തന്നെ കാര്യം'.

ഞാൻ സ്വാമിയുടെ കാലിൽ വീണു.സ്വാമി എന്നെ പിടിച്ചു എഴുന്നേൽപ്പിച്ചു.

'എനിക്കിതാണ് വേണ്ടത് സ്വാമി..എനിക്ക് എന്തെങ്കിലും വിദ്യ പഠിപ്പിച്ചു തരണം.' ഞാൻ പറഞ്ഞു.

'എന്ത് വിദ്യ ?'

'ഭൂതവും ഭാവിയും പറയുന്ന വിദ്യ. അത് പഠിച്ചു ഞാൻ എവിടെയെങ്കിലും പോയി രക്ഷപ്പെടട്ടെ .'

'അത് എളുപ്പമല്ലേ...ഒരു മനുഷ്യന്റെ ഭൂതകാലത്തിന്റെ ആവർത്തനം തന്നെയാണ് ഭാവിയും. പ്രതികാരബുദ്ധിയുമായി നടക്കുന്നവർ അത് തുടരും. ചതിക്കുന്ന സ്വഭാവമുള്ളവർ അത് തുടരും.ഭൂതകാലത്തിൽ നിന്നു മനുഷ്യന് മോചനമില്ല. അവൻ ആവർത്തിച്ചു കൊണ്ടേയിരിക്കും. അത് മനസ്സിലാക്കി അവന്റെ മനസ്സു പരിശോധിച്ചാൽ അവന്റെ ഭാവിയും പ്രവചിക്കാം.'

സ്വാമി തന്റെ കൈവെള്ള നിവർത്തി എന്നെ കാണിച്ചു. അതിൽ ഒറ്റ വര പോലുമില്ല.

'ഭൂതകാലത്തിൽ നിന്നു മോചനം പ്രാപിച്ചാൽ കൈരേഖകൾ മാഞ്ഞു തുടങ്ങും.പിന്നെ അങ്ങിനെയുള്ള മനുഷ്യന്റെ സമയത്തിനു ഭൂതം, ഭാവി എന്ന വ്യതാസം ഉണ്ടാവില്ല. അവന്റെ ജീവിതത്തിൽ ആകെ ഒരേ ഒരു സമയമേ ഉള്ളു.'

സ്വാമി കൈകൾ രണ്ടും ഉദിച്ചുയരുന്ന സൂര്യന് നേരെ വിടർത്തി. സ്വർണ്ണനിറമുള്ള പ്രകാശത്തിൽ സ്വാമിയുടെ മുഖം മുങ്ങിക്കുളിച്ചു.

'അത് ഈ നിമിഷമാണ്. ഈ നിമിഷം മാത്രം! ശംഭോ മഹാദേവ!'

എനിക്ക് സ്വാമി പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായി മനസ്സിലായില്ല. എങ്കിലും സ്വാമിക്ക് എന്റെ മനസ്സ് ഒരു കടലാസ്സ് പോലെ വായിക്കാൻ കഴിയുമായിരുന്നു.

'നിനക്ക് നന്നാകണം എന്നും, രക്ഷപ്പെടണം എന്നും ഉണ്ട്. ഇപ്പോഴും നീ ഭൂതകാലത്തിന്റെ തടവിലാണ്. നീ ഇനിയും തെറ്റുകൾ

ആവർത്തിക്കും. അനാഥനായി ജനിച്ചതിന്റെ പകയാണ് നിനക്കിപ്പോഴും ജീവിതത്തോട്. അത് മാറണമെങ്കിൽ..'

സ്വാമി ഒരു നിമിഷം സംസാരിക്കുന്നത് നിർത്തി എന്നെ നോക്കി.

'നിന്നെ തകിടം മറിക്കുന്ന ഒരു ഉപദേശം നിനക്ക് ലഭിക്കണം. കീറി മുറിക്കുന്ന ഒരു വാക്കിൽ നീ സ്വതന്ത്രനാകും. ശംഭോ മഹാദേവ!'

സ്വാമിയുടെ വാചകങ്ങൾ എനെ സ്പർശിച്ചില്ല . ഇത്രയും ശക്തിയുള്ള ഒരു മനുഷ്യനു എന്നെ സഹായിച്ചാൽ എന്താണ്? ഞാൻ അങ്ങേരുടെ കൂടെ കൂടിയിട്ടു മാസങ്ങളായി. ഈ മുടിഞ്ഞ കാട്ടിൽ വന്നു കിടന്നു മഞ്ഞും കൊണ്ട്, ആ നശിച്ച ഗുഹയിൽ കിടന്നു എന്റെ കോലംകെട്ടതു മാത്രം മിച്ചം. ഇപ്പൊ എന്നെ കണ്ടാൽ റാഫിയണ്ണൻ കാർക്കിച്ചു തുപ്പും.

'ഒരു ഗുണ്ടയ്ക്കും പിടിച്ചു പറിക്കാരനും വിജയിക്കാൻ കൂടുതൽ ഒന്നും വേണ്ട. ജസ്റ്റ് തല്ലു കൊള്ളാനുള്ള ആരോഗ്യവും അത് സഹിക്കാനുള്ള മനസ്സുമാണ്.'

റാഫിയണ്ണൻ ഭക്ഷണം കഴിക്കുന്ന സമയത്ത് പറയാറുള്ള വാചകം ഞാനോർത്തു.

ഞാൻ സ്വാമിയെയും റാഫിയണ്ണനെയും എന്റെ മനസ്സിന്റെ തട്ടിൽ വച്ച് തൂക്കി നോക്കി. ശരിക്കും റാഫിയമണ്ണൻ പറയുന്ന കാര്യങ്ങൾ തന്നെയല്ലേ സ്വാമിയും പറയുന്നത്. പക്ഷേ റാഫിയണ്ണനു അത്ഭുതശക്തികൾ ഒന്നും ഇല്ലെന്നു മാത്രം.

ഹേയ്, അങ്ങനെ പറയാൻ പറ്റുമോ? ഒരിക്കൽ കരുനാഗപ്പള്ളി ഫിഷ് മാർക്കറ്റിൽ വച്ച് നാലുപേരെ അങ്ങേരു ഒറ്റയ്ക്ക് അടിച്ചു വീഴ്ത്തുന്നത് ഞാൻ കണ്ടതാണ്. യോഗയും, ധ്യാനവും വേദങ്ങളിലെ അറിവും ഇല്ലാതെ ഒറ്റയ്ക്ക് നാല് കാട്ടാളൻമാരെ തറപറ്റിക്കുന്നതും ഒരു അത്ഭുതമല്ലേ ?

സ്വാമി എഴുന്നേറ്റു. ഗുഹയുടെ അരികിൽ വച്ചിരുന്ന ചെമ്പ് ലോട്ടയിലെ വെള്ളത്തിൽ മുഖം കഴുകി.

'ഞാനൊന്ന് നടന്നിട്ട് വരാം. ശംഭോ മഹാദേവ!' സ്വാമി ഹിമവാനെ നോക്കി തൊഴുത ശേഷം എന്നോട് പറഞ്ഞു.

സ്വാമി വനത്തിലൂടെ നടക്കാൻ പോവുകയാണ്. ഇനി വരുമ്പോൾ സന്ധ്യയാകും.

ഞാൻ വേഗം ഗുഹയിലേക്ക് കടന്നു. ഗുഹയുടെ മൂലയ്ക്ക് ഒരു ഭാണ്ഡത്തിനുള്ളിൽ വച്ചിരുന്ന സ്വർണ നടരാജവിഗ്രഹം എടുത്തു തോൾബാഗിനുള്ളിൽ വച്ചു.

നിങ്ങൾക്ക് ദേഷ്യവും വെറുപ്പും തോന്നാം. എനിക്കും എന്നോട് അത് തന്നെയാണ് തോന്നുന്നത്. എന്നാലും മോഷ്ടിക്കുമ്പോൾ, മുറിവേൽപ്പിക്കുമ്പോൾ, ലഭിക്കുന്ന ആ നൈമിഷികമായ തൃപ്തി.. അതൊന്നു വേറെ തന്നെയാണ്.

ഹിമാലയത്തിൽനിന്നു ലഡാക്ക്.. അവിടെ നിന്നു മുംബൈ. പിന്നെ കൊച്ചി. കള്ളവണ്ടി കയറി. വഴിച്ചെലവിനുള്ളത് ഞാൻ പോക്കറ്റടിച്ചു. ഇടയ്ക്ക് തിരികെ പോകാനും സ്വാമിയുടെ കാലിൽ വീഴാനും മനസ്സ് ഉപദേശിച്ചു. എങ്കിലും ബാഗിനുള്ളിലെ നടരാജൻ പറഞ്ഞു. നീ പോടാ.. എങ്ങിനെയെങ്കിലും എന്നെ വിറ്റ് രക്ഷപെടാൻ നോക്ക്....

റാഫിയണ്ണനു സ്വർണക്കടത്തുകാരും വിഗ്രഹമോഷ്ടാക്കളുമായി ബന്ധമുണ്ട്. ഒരു കൊട്ടേഷൻ ലീഡർ ഒരു സൈക്യാട്രിസ്റ്റിനെ പോലെയാണ്. എല്ലാ തരത്തിലുള്ള ആളുകളും, രഹസ്യമായി തങ്ങളുടെ ജീവിത പ്രതിസന്ധി പരിഹരിക്കാൻ ഇരുകൂട്ടരുടെയും അടുത്തു എത്തുന്നു.

കൂട്ടം തെറ്റിയ കുഞ്ഞാടിനെപ്പോലെ ഞാൻ റാഫിയണ്ണനു മുൻപിൽ നിന്നു. ഒപ്പമുണ്ടായിരുന്ന പുതിയ റിക്രൂട്ടുകൾക്ക് അണ്ണൻ എന്നെ പരിചയപ്പെടുത്തി.

'ഇവൻ ഇവിടെ ഇല്ലായിരുന്നു.ജസ്റ്റ് ഹിമാലയം വരെ ഒന്ന് പോയി..'

പുതിയ ഗുണ്ടകൾ എന്നെ ബഹുമാനത്തോടെ നോക്കി.

'നീ ഒരു സ്വാമിയുടെ അരികിൽ പോയെന്നോ നന്നായെന്നോ ഒക്കെ കേട്ടല്ലോ..' അണ്ണൻ ചോദിച്ചു.

ഇന്ത്യയാകെ പടർന്നു പന്തലിച്ചു കിടക്കുന്ന ക്രിമിനൽസംഘം. എല്ലാം ഒന്നാണ് എന്ന് ശ്രീബുദ്ധൻ പറഞ്ഞത് ഒരുപക്ഷേ ഈ അധോലോകത്തെ കൂടി ഓർത്തിട്ടാവും. എവിടെ എന്ത് നടന്നാലും റാഫിയണ്ണനെ പോലെ ഉള്ളവർ അറിയും.

'പോയി. പക്ഷേ..'

'രക്ഷപെട്ടില്ല. അല്ലെ ?'ഞാൻ വാചകം മുഴുമിപ്പിക്കുന്നതിനു മുൻപ് അണ്ണൻ ചോദിച്ചു.

'ഇല്ല.'

'വർക്ക് വേണം അല്ലെ..?'

'ഉവ്വ്'.

റാഫിയണ്ണൻ എല്ലാം കാണുന്നു. അറിയുന്നു.

ഉടനെ സ്വർണ്ണവിഗ്രഹത്തിന്റെ കാര്യം പറഞ്ഞാൽ കുഴപ്പമാകും. ഒന്നോ രണ്ടോ വർക്ക് ചെയ്തു അണ്ണന്റെ വിശ്വാസം ഉറപ്പിച്ചതിനു ശേഷം കാര്യങ്ങൾ നീക്കാം. ഞാൻ അഞ്ചു തവണ ശ്വാസം ദീർഘമായി ശ്വസിച്ചു. മനസ്സിൽ ഒരു താമരപ്പൂ സങ്കൽപ്പിച്ചു. ഒക്കെ സ്വാമിയുടെ കൂടെ കൂടിയപ്പോൾ ലഭിച്ച ചില്ലറ അറിവുകളാണ്. അടിവയറ്റിൽ നിന്നു മെല്ലെ ദീർഘമായി ശ്വസിക്കണം. ശ്വാസത്തിൽ പൂർണ്ണമായി ശ്രദ്ധവരണം. സമ്മർദം മായും. മനസ്സു സ്വസ്ഥമാകും. ദേഹമാകെ ഒരു താമരപ്പൂപോലെ വിടരുന്നത് അറിയും. ഓം... ഓം...

'ഒരു വർക്ക് ഉണ്ട്. ജസ്റ്റ് ഒരു ചെറിയ കൊട്ടേഷൻ ..'

മുൻപിലിരുന്ന ബീഫ് ചില്ലിയിൽ നിന്നു ഒരു കഷ്ണം എടുത്തു ചവച്ചു കൊണ്ട് റാഫിയണ്ണൻ പറഞ്ഞു.

'കൊട്ടേഷൻ വേണ്ട റാഫിയണ്ണാ, വേറെ എന്തെങ്കിലും ചെറിയ വർക്ക്...? 'ഞാൻ ഉദ്ദേശിച്ചത് മോഷണമായിരുന്നു.

'അതൊക്കെ തരാം. ഇത് തീരെ ചെറിയ കേസാണ്. ഒരു റിട്ടയർഡായ ടീച്ചറാണ് കസ്റ്റമർ. ജസ്റ്റ് രണ്ടായിരം രൂപ. ജസ്റ്റ് അഞ്ചു മിനിട്ടിന്റെ വർക്കേ ഉള്ളു.'

രണ്ടായിരം രൂപ. ഒരു കൈ ഒടിക്കുന്നതിന്റെ റേറ്റ്. വർഷങ്ങൾക്ക് മുൻപ് ഞാൻ കൊട്ടേഷൻ ഫീൽഡിൽ വരുമ്പോഴും അത് തന്നെയായിരുന്നു റേറ്റ്. ഞങ്ങൾ ഇതിനു ജി.എസ്.റ്റി. ഈടാക്കുന്നില്ല. ആര്യാസ് ഹോട്ടലിൽ പോയി ഒരു കാപ്പിയും വടയും വാങ്ങി കഴിക്കാൻ പോലും അമ്പത് രൂപയാകും. കൊട്ടേഷൻ രംഗത്തും സാലറി പരിഷ്ക്കരണം വരണം. സാരമില്ല. എന്തെങ്കിലുമാവട്ടെ. കയ്യിലിരിക്കുന്നത് തനിത്തങ്കത്തിൽ നൃത്തം ചെയ്യുന്ന നടരാജനാണ്. ശംഭോ മഹാദേവ!

പിറ്റേന്ന് തന്നെ ഞാൻ കസ്റ്റമറുടെ അടുത്തെത്തി. നഗരത്തിലെ ഫ്ളാറ്റിൽ തനിച്ചു താമസിക്കുന്ന വൃദ്ധ. പേര് സുഭദ്ര. എഴുപതു വയസ്സ് കഴിഞ്ഞു. ഹയർസെക്കണ്ടറി അധ്യാപികയായി വിരമിച്ചതാണ്. സ്വർണ്ണ ഫ്രെയിമുള്ള കണ്ണട മൂക്കിലുറപ്പിച്ചിട്ട് ടീച്ചർ എന്നെ സൂക്ഷിച്ചു നോക്കി.

'നീ രാവിലെ കാപ്പി കുടിച്ചിട്ടാണോ വന്നത് ?' ടീച്ചർ അന്വേഷിച്ചു.

'അതെ'

'ഇഡ്ഡലിയും ചമ്മന്തിയും ഒണ്ട്. ഇടിക്കാർക്ക് ഇറച്ചി ഒക്കെ ആരിക്കും ഇഷ്ടം അല്ലെ..'

'അങ്ങിനെ ഒന്നുമില്ല. ഞാൻ കഴിച്ചിട്ടാ വന്നത്..' എന്താണെന്ന് അറിയില്ല. എനിക്ക് പെട്ടെന്ന് സ്വാമിയെ ഓർമ്മ വന്നു.

'പൊറോട്ടയും ഇറച്ചിയും ഒക്കെ വേണേൽ പോണ വഴിക്ക് ഹോട്ടലീന്നു മേടിച്ചു തിന്നോ....ഞാൻ കാശ് കൊടുത്തോളാം'. സുഭദ്ര ടീച്ചർ ഉദാരപൂർവ്വം പറഞ്ഞു.

'അതൊന്നും വേണ്ട. നമുക്ക് വേഗം പോയേക്കാം..'

'യെന്നാ നീയൊരു ഓട്ടോ വിളി .. ഇവിടുന്നു കൊറച്ചു ദൂരെ എലഞ്ഞി വരെ പോണം.'

കൊട്ടേഷൻ വർക്കിനിടയിൽ പാർട്ട് ടൈം ആയി ഓട്ടോ ഓടിക്കുന്ന ഒരു പഴയ സഹപ്രവർത്തകനെ ഞാൻ വിളിച്ചു.

'റാഫിയണ്ണനെ എങ്ങിനെയാ പരിചയം?' ഓട്ടോയിൽ പോകുന്നതിനിടയിൽ ഞാൻ ചോദിച്ചു.

സുഭദ്ര ടീച്ചർ കണ്ണടയ്ക്ക് മുകളിലൂടെ എന്നെ രൂക്ഷമായി നോക്കി.

'അവൻ പറഞ്ഞില്ലേ..അവനെ ഞാൻ പഠിപ്പിച്ചതാരുന്നു.'

വെറുതയല്ല റേറ്റ് കുറഞ്ഞത്.

ഞാൻ സമയം കളഞ്ഞില്ല.ഒരു ഗാപ്പിനു ശേഷമാണ് പ്രഫഷനിലേക്ക് തിരികെ എത്തിയത്. എത്ര നിസ്സാരമായവർക്ക് ആണെങ്കിലും കൊട്ടേഷൻ വർക്കിൽ തയ്യാറെടുപ്പ് വളരെ പ്രധാനമാണ്. ഇതിനായി ഒരു ചെക്ക് ലിസ്റ്റ് തന്നെ തുടക്കക്കാരായ ഗുണ്ടകൾക്ക് വേണ്ടി റാഫിയണ്ണൻ തയ്യാറാക്കിയിരുന്നു.. സ്കെച്ച് ചെയ്യേണ്ടത് ആരെയാണ്, കൂടുതൽ എതിരാളികൾ കളത്തിലുണ്ടാകുമോ, പോലീസ് കേസ് വന്നാൽ എന്ത് ചെയ്യും , എന്തെല്ലാം ആയുധങ്ങൾ കരുതണം തുടങ്ങി ഒരുപാട് കാര്യങ്ങൾ വർക്കിനു മുൻപ് ഒരു കൊട്ടേഷൻ വർക്കർ അറിഞ്ഞിരിക്കണം.

'അത്രക്ക് ഒന്നുമില്ല ചെറുക്കാ. ഒരാളുടെ നെഞ്ചു നോക്കി ചവിട്ടണം. ഒറ്റച്ചവിട്ടു. അത്രേ ഉള്ളു.'

ഞാൻ വിവരങ്ങൾ തിരക്കാൻ തുടങ്ങിയപ്പോൾ സുഭദ്രടീച്ചർ നിസ്സാരമായി പറഞ്ഞു.

ഇലഞ്ഞിയിലെത്തിയപ്പോൾ ഓട്ടോ നിർത്തി ഞങ്ങൾ ഇറങ്ങി. റബർത്തോട്ടങ്ങൾക്കിടയിലൂടെയുള്ള ചെമ്മൺ പാത. റോഡരികിലെ ആഞ്ഞിലിമരങ്ങളിൽ നിന്ന് ആനിക്കാ വീണു മഞ്ഞച്ചു കിടക്കുന്ന വഴി. സുഭദ്രടീച്ചർ ഉത്സാഹത്തോടെ മുന്നിൽ നടന്നു. ഞാൻ പിന്നാലെ അസ്വസ്ഥതയോടെ നടന്നു. നടരാജനാണ് എന്റെ അസ്വസ്ഥതയുടെ കാരണം. എവിടെ പോയാലും തോൾബാഗിലെ രഹസ്യ അറയിൽ ഞാൻ നടരാജനെ സൂക്ഷിച്ചു. കോടികളുടെ മുതൽ തോളിൽ തൂങ്ങുമ്പോൾ എങ്ങിനെ ടെൻഷൻ ഉണ്ടാവാതിരിക്കും.?

'ടീച്ചർക്ക് വഴിയൊക്കെ അറിയാലോ ..'

'വർഷങ്ങൾക്ക് മുൻപ് താമസിച്ച സ്ഥലമാ. പക്ഷേ വഴിയൊന്നും ഒരിക്കലും മറക്കില്ല.'

ആനിക്കാ തിന്നാൻ വന്ന പ്രാവുകൾ മരച്ചില്ലകളിലിരുന്നു ഞങ്ങളെ കൗതുകത്തോടെ നോക്കി.

നടക്കുന്നതിനിടയിൽ ചവിട്ടേണ്ട ആളെക്കുറിച്ചും അതിന്റെ കാരണത്തെക്കുറിച്ചും സുഭദ്രടീച്ചർ വിശദീകരിച്ചു.

രവീന്ദ്രൻ എന്നാണ് അയാളുടെ പേര്. ടീച്ചറുടെ ആദ്യഭർത്താവ്. അവർ തമ്മിൽ പ്രണയമായിരുന്നു. സുഭദ്ര ടീച്ചറുടെ വീട്ടുകാർക്ക് ആ ബന്ധം ഇഷ്ടമല്ലായിരുന്നു. പുരോഗമന ചിന്തയും രാഷ്ട്രീയവും തലയ്ക്ക് പിടിച്ച രവീന്ദ്രന്റെ ഒപ്പം മാതാപിതാക്കളെ ഉപേക്ഷിച്ചു ടീച്ചർ ഇറങ്ങിപ്പോയി.

'എന്നിട്ട് ?'

'എന്റെ പഠിത്തം തീർന്നില്ല. വിവാഹം കഴിഞ്ഞും പഠിക്കാം എന്നായിരുന്നു പുള്ളി വാക്ക് പറഞ്ഞത്.' ടീച്ചർ പറഞ്ഞു.

ഞങ്ങൾ ആ ഊടുവഴിയുടെ അവസാനം എത്തിയിരുന്നു.

'ഇനി ഒരു കാവുണ്ട്. കാവ് കടന്നാൽ രവീന്ദ്രന്റെ വീടായി.' ടീച്ചർ പറഞ്ഞു.

ഒരു വ്യക്തിക്ക് രണ്ടു മുഖങ്ങൾ ഉണ്ടാവുമെന്ന് തെളിയിക്കുന്ന സംഗതിയാണ് വിവാഹം. വിവാഹത്തിന് മുൻപ് സുഭദ്ര മനസ്സിലാക്കിയ രവീന്ദ്രനായിരുന്നില്ല വിവാഹത്തിനു ശേഷം. രവീന്ദ്രൻ അയാളുടെ അമ്മയുടെ അടിമയായിരുന്നു. അവരാകട്ടെ സ്വത്തിനോടുള്ള ആർത്തിയുടെ അടിമയും. ഇതിനിടയിൽ സുന്ദരിയായ സുഭദ്രയ്ക്ക് മുറച്ചെറുക്കനുമായി പ്രണയമുണ്ടെന്നു രവീന്ദ്രന് സംശയം തോന്നിത്തുടങ്ങി. സ്ത്രീധനത്തിന്റെ കാര്യത്തിൽ തീരുമാനമുണ്ടാക്കാതെ കുഞ്ഞുങ്ങൾ വേണ്ടെന്നു രവീന്ദ്രന്റെ അമ്മ മകന്റെ ചെവിയിലോതി.

എന്നാൽ സുഭദ്ര ഇതിനിടയിൽ ഗർഭിണി യായി.

കാവിനു നടുക്കെത്തിയപ്പോൾ സുഭദ്ര ടീച്ചർ കഥ പറയുന്നത് നിർത്തി ദീർഘമായി നിശ്വസിച്ചു. സർപ്പഗന്ധിയും കൂവളവും പാലയും ഇടതിങ്ങി വളർന്ന കാടിന് നടുക്ക് ദു:ഖകരമായ ഇരുട്ട് തങ്ങി നിന്നിരുന്നു.തകർന്ന സർപ്പക്കാവിൽ ചരിഞ്ഞു കിടക്കുന്ന നാഗ ക്കല്ലുകൾക്ക് മറ പിടിച്ചു സർപ്പങ്ങൾ ഞങ്ങളെ വീക്ഷിക്കുന്നുവെന്ന് എനിക്ക് തോന്നി.

'ഒറ്റ ചവിട്ടായിരുന്നു. എന്റെ അടിവയറ്റിനു നോക്കി.'സുഭദ്രടീച്ചറുടെ വാക്കുകൾ നാഗ ങ്ങളെ പോലെ പുറത്തുചാടി. നര കയറി വെളുത്ത കൺപുരികങ്ങൾ കൂർത്തു. കണ്ണുകൾ ജ്വലിച്ചു.

എനിക്ക് വൃദ്ധയുടെ പ്രതികാരദാഹ ത്തിന്റെ കാരണം മനസ്സിലായി.

'എന്നെ അയാൾ വീട്ടിൽനിന്നിറക്കി വിട്ടു. അയാളുടെ ചവിട്ടിൽ എന്റെ ഗർഭം കലങ്ങി പ്പോയി. എന്റെ ജീവിതവും.'

രവീന്ദ്രനെ സുഭദ്രടീച്ചർ പിന്നീട് കണ്ടില്ല. അയാൾ നാട് വിട്ടുവെന്ന് പിന്നീട് അവർ അറി ഞ്ഞു.എങ്കിലും ഉള്ളിന്റെ ഉള്ളിൽ അവരുടെ വെറുപ്പ് വളർന്നുകൊണ്ടിരുന്നു. ഇപ്പോൾ വൃദ്ധയായി മരണത്തിന്റെ ശബ്ദം കേട്ടുതുട ങ്ങിയപ്പോൾ പഴയ ചവിട്ടിനു പ്രതികാരം നടത്തി വേണം മടങ്ങാൻ എന്നവർക്ക് തോന്നി.

ഞങ്ങൾ കാവിനു പുറത്തെത്തിയിരുന്നു. അൽപ്പമകലെ ചെങ്കല്ല് കൊണ്ട് കെട്ടിയ ഒരു നാല്കെട്ടു കണ്ടു.

'അയാൾ അടുത്തിടെ നാട്ടിൽ തിരി ച്ചെത്തി എന്ന് ഞാൻ അറിഞ്ഞു.'

സുഭദ്രടീച്ചർ പറഞ്ഞു. നടന്നതിന്റെ ക്ഷീണത്തിൽ അവരുടെ മുഖം വിയർപ്പിൽ കുതിർന്നു. എളിയിൽ കൈകുത്തി കയ്യാല യിൽ ചാരി നിന്ന് അവർ നേര്യതിന്റെ തുമ്പു കൊണ്ട് മുഖം തുടച്ചു. കയ്യാലയിൽ വളർന്നു നിന്ന കാട്ടുമാവിൻ തൈയ്യിൽനിന്ന് രണ്ടു തളിരിലകൾ യാതൊരു ദാക്ഷിണ്യവുമില്ലാതെ അവർ പറിച്ചെടുത്തു വായിലിട്ടു ചവച്ചു. വഴിയിലേക്ക് ഒന്ന് തുപ്പിയതിനു ശേഷം അവർ എന്നെ ക്രൂരമായി ഒന്ന് നോക്കി.

'നിന്റെ സർവശക്തിയുമെടുത്തു അയാ ളുടെ അടിനാഭിയിൽ ചവിട്ടണം. ഒറ്റച്ചവിട്ടിന് അയാൾടെ ഈ ജന്മവും കഴിഞ്ഞ ജന്മങ്ങളും ഓർക്കണം.'

അവർ പറഞ്ഞു.

ഞാൻ തലയാട്ടി. അതിനകം രവീന്ദ്രന്റെ ചിത്രം ഞാൻ മനസ്സിൽ വരച്ചു കഴിഞ്ഞിരുന്നു. കസവ് മുണ്ടും ബനിയനും ധരിച്ചു, നെഞ്ചിലെ രോമക്കാട്ടിൽ മറഞ്ഞു കിടക്കുന്ന കയറു പിരിയൻ മാലയിൽ തടവിക്കൊണ്ട് വെറ്റില മുറുക്കുന്ന വെളുത്തു തടിച്ച മനുഷ്യൻ...

കാട് വളർന്നു കയറിയ മുറ്റം. നീളൻ വരാന്ത. തൂണുകൾ അവിടവിടെ പൊട്ടി യടർന്ന നിലയിലാണ്. ഞങ്ങൾ അകത്തേക്ക് കയറി. വരാന്തയിൽ നിന്നപ്പോൾ കുഴമ്പി ന്റെയും മരുന്നിന്റെയും രൂക്ഷമായ ഗന്ധമടിച്ചു.

അടഞ്ഞു കിടന്ന അറയ്ക്കപ്പുറത്തു നിന്നും ഒരു വൃദ്ധന്റെ ദുർബലമായ സ്വരം ഞരങ്ങൽ പോലെ കേട്ടു.

'ആരാ അവിടെ ?'

'സുഭദ്ര' ഉറച്ച സ്വരത്തിൽ ടീച്ചർ പറഞ്ഞു.

മുറ്റത്തു വളർന്നു കയറിയ കാടിനിടയിൽ നിന്ന് തകർന്ന കിണറിന്റെ കെട്ടിന് മുകളി ലേക്ക് ഒരു ഉപ്പൻ പറന്നു വന്നിരുന്നു.

'സുഭദ്ര?' വൃദ്ധൻ ആവർത്തിച്ചു. ഇപ്രാവശ്യം ശബ്ദം മുമ്പത്തെക്കാൾ താഴ്ന്നി രുന്നു.

അടഞ്ഞു കിടന്ന വാതിൽ തുറന്നു സുഭദ്ര ടീച്ചർ അകത്തു കയറി. പിന്നാലെ ഞാനും.

കട്ടിലിൽ ഒരു വൃദ്ധൻ കണ്ണ് മിഴിച്ചു വാതിലിൽക്കലേക്ക് നോക്കി കിടപ്പുണ്ടായി രുന്നു. വൃത്തിഹീനമായ മുറി. കട്ടിലിന്റെ അരികിലെ സ്റ്റൂളിൽ കുഴമ്പും മരുന്നുകളും. അയയിൽ മുഷിഞ്ഞ വസ്ത്രങ്ങൾ. വാട കാരണം ഞാൻ അറിയാതെ മൂക്കുപൊത്തി.

ഇയാളെയാണോ ഞാൻ ചവിട്ടേണ്ടത് ? ആ ശോഷിച്ച ശരീരത്തിൽ ചവിട്ടിയാൽ അയാൾ മരിക്കുമെന്ന് എനിക്ക് ഉറപ്പായിരുന്നു.

'ഇങ്ങനെ ആയി അല്ലെ ?' സുഭദ്ര ടീച്ചറുടെ ശബ്ദത്തിൽ യാതൊരു ദയയുമില്ലായിരുന്നു.

പക്ഷേ വൃദ്ധന്റെ പ്രതികരണം എന്നെ ഞെട്ടിച്ചു.

'ഇങ്ങനെ ആയില്ലായിരുന്നെങ്കിൽ നീ ദു:ഖിക്കില്ലായിരുന്നോ സുഭദ്രേ ?' കിഴവൻ ചോദിച്ചു.

സുഭദ്ര ടീച്ചർ അയാളെ വെറുപ്പോടെ നോക്കി.

'ദു:ഖിക്കില്ലാ. കാരണം കർമ്മഫലം എന്നൊന്നുണ്ടല്ലോ...' ടീച്ചർ പറഞ്ഞു.

'ഉവ്വോ? 'വൃദ്ധൻ ഒരു തമാശ കേട്ടതു പോലെ ചോദിച്ചു.

'ഉവ്വോ..അങ്ങിനെ ഒന്നുണ്ടോ..' ഇപ്രാവശ്യം എന്നെ നോക്കിയാണ് വൃദ്ധൻ അത് ചോദിച്ചത്. അയാളുടെ ചോദ്യവും ചുണ്ടിലെ ചിരിയും എനിക്ക് പരിചിതമായി തോന്നി.

സുഭദ്ര ടീച്ചറുടെ മുഖം ദേഷ്യം കൊണ്ട് ചുവന്നു. അവർ എന്നെ നോക്കി വേണ്ട എന്ന രീതിയിൽ കണ്ണുകൊണ്ട് കാണിച്ചു. ചവിട്ടേണ്ട എന്നാണു ആ സംജ്ഞയുടെ അർത്ഥമെന്നു എനിക്ക് മനസ്സിലായി.

'അങ്ങിനെ ഒന്നുണ്ട്. അതുകൊണ്ടാണല്ലോ നിങ്ങൾടെ ചവിട്ടു കൊണ്ട് ഞാൻ ചാവാതിരുന്നത്.'

വൃദ്ധൻ കണ്ണടച്ച് കിടന്നു.

'നിങ്ങൾ പിന്നെ കല്യാണം കഴിച്ചില്ലേ?.. എവിടെ നിങ്ങൾടെ കുടുംബം ?' ടീച്ചർ പരിഹാസപൂർവ്വം ചോദിച്ചു.

'പിന്നെ ...ഒന്നും ശരിയായില്ല.താൻ പറഞ്ഞത് പോലെ കർമ്മഫലം.'

അയാൾ കണ്ണുകൾ മെല്ലെ തുറന്നു എന്നെ നോക്കി.

'ഇയാൾ..സുഭദ്രയുടെ ?' അയാൾ ടീച്ചറിനോട് ചോദിച്ചു.

'എന്റെ മകൻ' സുഭദ്ര ടീച്ചർ എന്നെ ചേർത്തു നിർത്തി. എന്റെ നെഞ്ചിലൂടെ ഒരു മിന്നൽ പാഞ്ഞു.

'നിങ്ങൾ എന്റെ ഗർഭം കലക്കിയെങ്കിലും ഞാൻ വീണ്ടും അമ്മയായി.'

വൃദ്ധൻ ചാട്ടവാറടിയേറ്റ പോലെ ഒന്ന് ചുരുണ്ടു. നൂറു ചവിട്ടുകളെക്കാൾ ഫലം ഉണ്ടായിരുന്നു ആ വാക്കുകൾക്ക്. അയാളുടെ പതനം പൂർത്തിയായി എന്നെനിക്ക് തോന്നി.

'നീ ജയിച്ചു സുഭദ്രേ...നീ തന്നെയേ ജയിക്കൂ എന്നെനിക്കു അറിയാമായിരുന്നു.' വൃദ്ധൻ ചിലമ്പിച്ച സ്വരത്തിൽ പറഞ്ഞു.

'ഇനി നിങ്ങൾ പൊക്കോളൂ.. ഞാനൊന്ന് മയങ്ങട്ടെ..' അയാൾ പറഞ്ഞു.

ഞങ്ങൾ തിരിഞ്ഞു നടക്കാൻ ഒരുങ്ങിയതും അയാൾ കയ്യുയർത്തി എന്നെ അനുഗ്രഹിച്ചു.

'മോൻ നന്നായി വരും.' വൃദ്ധൻ പറഞ്ഞു. അയാളുടെ കണ്ണുകളിൽ ആ നിമിഷം വെറുപ്പോ ദു:ഖമോ ഇല്ലായിരുന്നു. പകരം ഒരു സമുദ്രത്തിന്റെ ശാന്തത മാത്രം.

ഞാൻ എന്ത് പറയണം എന്നറിയാതെ ഒരു നിമിഷം നിന്നു. ടീച്ചർ എന്നെ കാത്തു നിൽക്കാതെ മുറി വിട്ടിറങ്ങിയിരുന്നു. ഞാൻ നോക്കിയപ്പോൾ അവർ മുറ്റത്തെത്തി നടന്നു തുടങ്ങിയിരുന്നു.

'ഞാൻ പോട്ടെ..'എന്ന് പറഞ്ഞു ധൃതിയിൽ ഞാൻ ടീച്ചറുടെ പിന്നാലെ ഓടി.

'ടീച്ചർ നിൽക്കൂ..' ഞാൻ ഉറക്കെ വിളിച്ചു.

അവർ അപ്പോഴേക്കും മുറ്റം വിട്ടു പൊന്തക്കാട് പടർന്ന ഇടവഴിയിൽ എത്തിയിരുന്നു. എന്റെ വിളികേട്ടു അവർ നിന്നു.

'ഓ, നെനക്ക് കാശ് വേണം അല്ലെ..' ടീച്ചർ എളിയിൽ നിന്ന് പഴ്സ് എടുത്തു.

'ചവിട്ടിയില്ലല്ലോ..അപ്പൊ പാതി കാശ് പോരെ..'ടീച്ചർ പഴ്സിൽ നിന്ന് ചുരുട്ടി വച്ച നോട്ടുകൾ എടുത്തു നിവർത്തി എണ്ണാൻ തുടങ്ങി.

'നെനക്ക് അച്ഛനും അമ്മയും ഇല്ല അല്ലെ?'ടീച്ചർ കാശ് എണ്ണുന്നതിനിടയിൽ ചോദിച്ചു.

'ഇല്ല.'

'ഉം. എനിക്കും തോന്നി. ഈ ജന്മം മുഴുവൻ ആ കാരണത്തിന്റെ പേരിൽ കള്ളനായും കൊള്ളക്കാരനായും ജീവിച്ചു തീർക്കാനാണോ നിന്റെ ഉദ്ദേശം..?' കത്തുന്ന നോട്ടത്തോടെ ടീച്ചർ ചോദിച്ചു.

കാശ് വാങ്ങാൻ നീട്ടിയ കൈ ഞാൻ പിൻവലിച്ചു. എന്റെ ശിരസ്സ് താഴ്ന്നു.

'ടീച്ചർക്ക് ...ശരിക്കും മോനുണ്ടോ ?'ഞാൻ മെല്ലെ ചോദിച്ചു.

'ഉണ്ടായിരുന്നു...ഏഴാം വയസ്സിൽ അവൻ മരിച്ചു പോയി.. പിന്നെ അങ്ങേരെ തോൽപ്പിക്കാനാണ് നീ എന്റെ മോനാന്നു പറഞ്ഞത്.' ടീച്ചർ നോട്ടുകൾ ബലമായി എന്റെ കൈ വെള്ളയിൽ വച്ചു.

'പക്ഷേ എന്റെ മകൻ ജീവിച്ചിരുന്നെങ്കിൽ നിന്നെ പോലെ ഒരു ഗുണ്ടയൊ തെമ്മാടിയോ ആവില്ലായിരുന്നു.. അവനു പകരം നീയാണ് എന്റെ മകൻ എന്നെനിക്ക് പറയേണ്ടി വന്നു.. അതായിരിക്കണം എന്റെ കർമ്മഫലം ..എന്റെ ഗതികേട്..'

ആ നിമിഷം എന്റെ ഉള്ളിൽ എന്തോ തകർന്നുവീണു. ആകെയുലച്ച ആ വാക്കുകളുടെ ശക്തിയിൽ എത്ര നേരം നിലത്തേക്ക് നോക്കി നിന്നുവെന്നു ഞാൻ അറിഞ്ഞില്ല. കണ്ണുകൾ ഉയർത്തിയപ്പോൾ ടീച്ചർ പോയി കഴിഞ്ഞിരുന്നു.

'നന്നായി വരും..' ആ വൃദ്ധൻ കയ്യുയർത്തി എന്നെ അനുഗ്രഹിക്കുന്നത് എന്റെ മനസ്സിൽ തെളിഞ്ഞു.

അപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത്.. അയാളുടെ കൈവെള്ള..അയാളുടെ കൈവെള്ളയിൽ വരകളില്ലായിരുന്നു.

'ശംഭോ മഹാദേവ!'

ഞാൻ തിരിഞ്ഞു നോക്കി. പിറകിൽ ആ വൃദ്ധൻ നിൽക്കുന്നു. രൂപം മാത്രമാണ് ആ വൃദ്ധന്റെത്.. ചുണ്ടിലെ ചിരിയും കണ്ണിലെ പ്രകാശവും എന്റെ ഗുരുവിന്റെത് തന്നെ..

'എവിടെ എന്റെ നടരാജൻ ?' വൃദ്ധൻ ചിരിച്ചുകൊണ്ട് ചോദിച്ചു.

ഞാൻ തോൾ ബാഗിൽനിന്ന് വിഗ്രഹമെടുത്ത് ആ പാദത്തിൽ വച്ചു സാഷ്ടാംഗം വീണു.

'ഗുരോ ഞാൻ കണ്ടതിൽ ഏതാണ് സത്യം? ഏതാണ് മിഥ്യ ?' ഞാൻ ചോദിച്ചു. എന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.

ഗുരുവിന്റെ വിരലുകൾ എന്റെ ഉച്ചിയിൽ തൊട്ടു. ഒരു വിദ്യുത് തരംഗം എന്റെ ഉള്ളിലൂടെ കടന്നുപോയി.

'അതൊരു തെറ്റായ ചോദ്യമാണ്.എല്ലാം ഉണ്മയാണ്.ഓരോരുത്തരും കാണുന്നതനുസരിച്ചു അത് മാറുന്നു.ശംഭോ മഹാദേവ!'

ഞാൻ ശിരസ്സുയർത്തി. അദ്ദേഹം മറഞ്ഞിരിക്കുന്നു. ഇപ്പോൾ ഞാൻ തനിച്ചാണ്..

ഞാൻ എഴുന്നേറ്റ് ബാഗ് തോളിലിട്ടു. പെട്ടെന്ന് ഫോൺ ബെല്ലടിച്ചു. റാഫിയണ്ണനാണ്.

'ടാ അത് കഴിഞ്ഞു നേരെ ചാവക്കാടിന് പോകണം. ഒരു വർക്കുണ്ട്. ജസ്റ്റ് ഒരാളെ വെട്ടിക്കൊല്ലണം.'

'ഞാനില്ല. ഞാൻ അതെല്ലാം നിർത്തിയണ്ണാ..'

'പിന്നെ... പിന്നെ നീ എന്ത് ചെയ്യാൻ പോകുന്നു? ' അണ്ണൻ ചോദിച്ചു.

'ഞാനൊരു തട്ടുകട തുടങ്ങാൻ പോകുന്നു.' ടീച്ചർ തന്ന കടുകുമണം പിടിച്ച നോട്ടുകൾ ഭദ്രമായി പഴ്സിൽ വച്ചുകൊണ്ട് ഞാൻ പറഞ്ഞു.





Unit Meeting - Eranakulam ↓ - Thiruvananthapuram ↑







Family Tour conducted by Kozhikode Unit




KSEB ENGINEERS' ASSOCIATION
Hydel Bullet Monthly
RNI Reg. No. KERENG/2013/48628
Postal Reg. No. KL/TV(N)/645/2022-2024

Price ₹ 10
No. KL/TV(N)/ WPP / 203/ 2022 - 24 at Tvpm. RMS
Licensed to Post without pre payment.
Date of Publication 28-11-2022








Niranjana Induchoodan J.
D/o. Er Induchoodan D.R.
Std. II A.
SFS LPS, Vizhinjam









Paintings by
Er. N. Babulal
Executive Engineer (Rtd.)

Edited, Printed & Published by K.G. Potti, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only